# THE KUDUMBA DEEPAM.



Vol. VI.)　　August 1935.　　(No. 8.

## വിഷയവിവരം.

1. മംഗളാശംസ.......................................................225.
2. ദൈവജനനിയുടെ സ്വർഗ്ഗാരോഹണം................................ ,,
3. യഥാർത്ഥസാന്നിദ്ധ്യം................................................228.
4. കർദ്ദിനാളിൻെറ വിടുതിക്കാരൻ......................................231.
5. വിശ്വാസം..............................................................235.
6. പോയിട്ടുവിൻ..........................................................236.
7. എൻെറ സ്വന്തമായവ എന്നെ അറിയുന്നു..............................237.
8. ഭക്തി ....................................................................242.
9. ഒരു സാധുവിൻെറ പ്രാർത്ഥന.........................................247.
10. നിങ്ങളുടെ കുടുംബം..................................................252.
11. കുറിപ്പുകൾ............................................................255.

"ക്ഷമയാം തേ　　　　? കുത്തി നീ
കുടുംബഭരണം　　　　ുക."

# ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനിസ് ദന്തവൈദ്യൻ.

## എറണാകുളം.



പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിവൃത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക ൨-൮-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൨-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണു.

ഒരു കുപ്പിക്കു വില ക. ൪-൮-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്രോതം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'എമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണ മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൮൧, കോഴിക്കോട്ട, മലബാർ

---

# വിൽപ്പനക്കുള്ള ഇററാലിയൻ പടങ്ങൾ.

| | | | |
|---|---|---|---|
| $2\frac{1}{8}'' \times 3\frac{3}{4}''$ | എണ്ണച്ഛായാപടം (വെട്ടുപടം) | 100-നു് | 1—0—0 |
| $2\frac{1}{2}'' \times 4\frac{1}{4}''$ | ടി. ടി. | ,, | 1—8—0 |
| ടി. | ടി. (മൂല ഉരുണ്ടതു്) | ,, | 1—10—0 |
| $2\frac{1}{2}'' \times 4''$ | Black with gilt edge | ,, | 7—0—0 |
| ടി. | Hand coloured with gilt edge | ,, | 8—0—0 |

ചെറുപുഷ്പമുദ്രാലയം, തേവര, എറണാകുളം.



Sing, sing, ye angel bands,
All beautiful and bright;
For higher still, and higher
Through fields of starry light,
Mary, your Queen ascends,
Like the sweet moon at night.

# കുടുംബദീപം.

പുസ്തകം ൩ } ആഗസ്റ്റ് ൧൯൩൮. { ലക്കം ൨

## മംഗളാശംസ.

സ്ഫടികധവളഭാസം നാലുപാടും പൊഴിച്ചും
ഗൃഹമതിൽ നടമാടും കൂരിരുൾ സംഹരിച്ചും
ഭവനമതിനു ചേരും ജ്ഞാനമാർഗ്ഗം തെളിച്ചും
വിലസുക ചിരകാലം "ദീപമേ" വീടുതോറും.

പി. ഐ. എബ്രാഹം.

## ദൈവജനനിയുടെ സ്വർഗ്ഗാരോഹണം.

ദൈവമാതാവിന്റെ മരണത്തേയും ശവസംസ്കാരത്തേയും പററിയുള്ള പൂർണ്ണവിവരങ്ങൾ നമുക്കു ലഭിച്ചിട്ടില്ല. ഈ സംഭവത്തെക്കുറിച്ചു ചരിത്രം മൌനമവലംബിച്ചിരിക്കുന്നതായിട്ടാണ് കാണപ്പെടുന്നതു്. ഇപ്പോഴുള്ള പുരാതന രേഖകൾപോലും വിശ്വാസയോഗ്യമായി പരിഗണിക്കപ്പെടുന്നില്ല. എഫേസൂസിലോ, ജെറുസ്ലേമിലോ ആണ് ദേവമാതാവിന്റെ തിരുശരീരം ഭൂമിദാനംചെയ്യപ്പെട്ടതെന്നുള്ള അഭിപ്രായത്തിനു പ്രാബല്യമുണ്ടു്. ഗ്രന്ഥകാരന്മാർമാത്രമല്ല വിശുദ്ധന്മാർക്കോ ദീർഘദർശികൾക്കോ ഈ പ്രശ്നത്തിനു ശരിയായ ഉത്തരം നൽകാൻ സാധിച്ചിട്ടില്ല

ഇതുപോലെതന്നെ ദേവമാതാവിന്റെ ശരീരത്തോടുകൂടിയുള്ള സ്വർഗ്ഗാരോഹണം ചരിത്രരേഖകൾകൊണ്ടു സ്ഥാപിക്കുവാൻ പ്രയാസമാണ്. ആദ്യത്തെ അഞ്ചു ശതാബ്ദങ്ങളിലും ഈ സംഗതിയെ സംബന്ധിച്ചു എന്തെങ്കിലും പ്രസ്താവിച്ചിട്ടുള്ളതായി അറിയുന്നില്ല. നമുക്കു ലഭിച്ചിട്ടുള്ള രേഖകൾപോലും കൃത്രിമങ്ങ

ളാണെന്നാണ് ഇപ്പോഴം പറയപ്പെടുന്നത്. •ദേവമാതാവിന്റെ സ്വർഗ്ഗാരോഹണം ഒരു ചരിത്രസംഭവമാണെന്നു തെളിയിക്കാത്തേടത്തോളംകാലം വേദശാസ്ത്രജ്ഞന്മാർ ഈ സംഭവം 'യഥാർത്ഥ'മാണെന്നും അതു ഒരിക്കൽ വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെടുമെന്നും പറയുന്നതു ശരിയാണോ? ഒരു സംഭവം അഥവാ സത്യം ചരിത്രരേഖകഠം (historical method) കൊണ്ടെന്നപോലെതന്നെ സിദ്ധാന്തങ്ങഠം (dogmatic method) കൊണ്ടും തെളിയിക്കാമെന്നാണ് ഇതിനുള്ള സമാധാനം. ഉദാഹരണത്തിനായി ദേവമാതാവിന്റെ അമലോത്ഭവംതന്നെയെടുക്കാം. മാതാവു് അമലോത്ഭവ അഥവാ ജന്മപാപരഹിതയാണെന്നു തെളിയിക്കുവാൻ ചരിത്രരേഖകളൊന്നുമില്ല. എങ്കിലും ദേവമാതാവിനെ ജന്മപാപത്തിന്റെയോ കർമ്മപാപത്തിന്റെയോ നിഴൽപോലും തീണ്ടിയിട്ടില്ലെന്നുള്ളതു തീർച്ചയാണ്. ഇതുപോലെതന്നെ ദൈവത്തിന്റെ അമ്മ എന്ന മഹനീയ സ്ഥാനത്തെപ്പററി ആലോചിക്കുമ്പോഠം ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിലുള്ള വിശ്വാസം ശരിയാണെന്നു ബോദ്ധ്യമാകുന്നതാണ്. ആറാം ശതാബ്ദംമുതൽ ഇന്നുവരെയുള്ള ഈ വിശ്വാസത്തിനു സ്ലൈഹികപാരമ്പര്യത്തിന്റെ സകല ലക്ഷണങ്ങളും തികഞ്ഞു കാണുന്നുണ്ടു്.

ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തെ അനുകൂലിക്കുന്ന ചില ന്യായങ്ങഠം ചുവടെ ചേർത്തുകൊള്ളുന്നു:

൧) രക്ഷിതാവിന്റെ മാതാവായ പരിശുദ്ധ കന്യകയുടെ തിരുശരീരം ശവക്കല്ലറയിലെ കൃമികീടാദികഠംക്കു ഭക്ഷ്യമായിത്തീർന്നെന്നു ഊഹിക്കുവാൻപോലും അസാദ്ധ്യമാണ്. പുരാതന ആരാധനക്രമങ്ങളിൽ അനശ്വരത്വം ദൈവമാതൃസ്ഥാനത്തിന്റെ ഒരു അനിഷേദ്ധ്യലക്ഷണമായി പറയപ്പെട്ടിരിക്കുന്നു.

൨) ദേവമാതാവിന്റെ തിരുശരീരം അക്ഷയമായിരുന്നുവെന്നു അവളുടെ നിത്യകന്യാവ്രതത്തിൽനിന്നു തെളിയുന്നു. ഈ ആശയം തിരുസ്സഭയുടെ പരമ്പ്യപ്രാർത്ഥനകളിലും സഭാപിതാക്കന്മാരുടെ ലേഖനങ്ങളിലും തെളിഞ്ഞുകാണുന്നുണ്ടു്.

ഝ) അനശ്വരത്തിൽനിന്നും സ്വർഗ്ഗാരോഹണം ഒരു അടുത്ത പടവി മാത്രമാകുന്നു. ദേവമാതാവിൻെറ തിരുശരീരം അവളുടെ സംശുദ്ധമായ ആത്മാവോടുകൂടെ ചേരുന്നതിനു അവസാന ഉത്ഥാനദിവസംവരെ ഈശോമ്ശിഹാ താമസിപ്പിക്കുമെന്നു വിചാരിക്കുന്നതു് ശരിയല്ല.

ൻ) ദേവമാതാവിൻെറ അമലോത്ഭവത്തെപ്പററിയുള്ള സ്കോട്ടി (scotus) ൻെറ അനുമാനം ഇവിടേയും അത്ഥവത്താണ്. (potuit, docuit, ergo fecit) ക്രിസ്തുവിനു തൻെറ മാതാവിൻെറ ശരീരം നാശത്തിൽ നിന്നും രക്ഷിക്കുന്നതിനു ശക്തിയുണ്ടായിരുന്നു. അവിടുന്നു അങ്ങിനെ ചെയ്യേണ്ടതു ആവശ്യവുമായിരുന്നു. അതുകൊണ്ടു അവിടുന്നു യഥാത്ഥത്തിൽ അങ്ങിനെ തന്നെ ചെയ്തു.

ഠ) ആറാംശതാബ്ദംമുതലുള്ള ക്രിസ്തീയ സഭയിലെ പാരമ്പര്യം സ്വർഗ്ഗാരോഹണത്തെ അനുകൂലിക്കുന്ന നിസ്തക്കമായ ഒരു ന്യായമാകുന്നു. അന്നുമുതൽ ഇന്നുവരേയുള്ള സഭയുടെ ആരാധനക്രമങ്ങളും വേദശാസ്ത്രജ്ഞന്മാരുടെ ലിഖിതങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ഡ) ൧൮൭൦-ൽ സമ്മേളിച്ച വത്തിക്കാൻ സൂനഹദോസിൽ മാതാവിൻെറ സ്വർഗ്ഗാരോഹണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്യണമെന്നു ഇരുന്നൂറിൽപരം മെത്രാന്മാർ ചേന്നു ഒരു അപേക്ഷ ഹാജരാക്കി. എന്നാൽ അന്നത്തെ രാഷ്ട്രീയ കുഴപ്പങ്ങൾനിമിത്തം ഈ വിഷയം വാദപ്രതിവാദത്തിനെടുക്കുന്നതിനുമുമ്പു സൂനഹദോസു പിരിച്ചുവിടേണ്ടതായിവന്നു. അടുത്ത പൊതുസൂനഹദോസിൽ ദേവമാതാവിൻെറ സ്വർഗ്ഗാരോഹണം ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടവാനെളുപ്പമുണ്ട്.

# യഥാൎത്ഥസാന്നിദ്ധ്യം.

(റവ. ഫാദർ മാവൂരുസ്. സി. ഡി.)

3. പാരമ്പൎയ്യ വിശ്വാസം.

സാക്ഷാൽ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിശ്വാസം അന്നു മുതൽ ഇതഃപൎയ്യന്തം സത്യസഭയിൽ അഭംഗമായി പാലിക്കപ്പെട്ടുവരു എന്നു പാരമ്പൎയ്യപഠനത്തിൽനിന്നു കാണാവുന്നതാണ്. ഇതിലേക്കു പിതാക്കന്മാരുടെ എഴുത്തുകളിൽനിന്നു ധാരാളം ഉദ്ധരിക്കാമെങ്കിലും വിസ്താരഭയത്താൽ ചുരുക്കുന്നു. വി. യോഹന്നാൻ സുവിശേഷകൻെറ ശിഷ്യനായ വി. ഇഗ്നേഷ്യസ് ൧-ാം ശതകത്തിൽതന്നെ സ്മീർണാക്കാൎക്കെഴുതിയ ലേഖനത്തിൽ വി. കുൎബ്ബാന നമ്മുടെ രക്ഷകനായ ഈശോമശിഹായുടെ മാംസമാണെന്നു സമ്മതിക്കാത്ത പാഷണ്ഡികളെ ശപിക്കുന്നു. രണ്ടാം ശതകത്തിൽ പാശ്ചാത്യ പൗരസ്ത്യ സഭാപരിജ്ഞാനം വിപുലമായി സമ്പാദിച്ചിരുന്ന വി. ജസ്റ്റിൻ വി. കുർബ്ബാന സാധാരണ അപ്പമല്ല; പ്രത്യുത അവതീൎണ്ണനായ ദൈവ വചനത്തിൻെറ (പുത്രൻെറ) മാംസവും രക്തവും ആകുന്നു എന്ന് എഴുതിയിരിക്കുന്നു. അതേ ശതാബ്ദത്തിൽ തന്നെ ഏഷ്യാമൈനർ സ്വദേശിയും, വി. പോലിക്കാൎപ്പിൻെറ ശിഷ്യനും, ഫ്രാൻസിൽ സുവിശേഷം പ്രസംഗിച്ചവനും, ലയൺസിലെ മെത്രാനുമായിരുന്ന വി. ഇരണേയൂസ് (St. Irenaeus) ദിവ്യകാരുണ്യഅപ്പം കൎത്താവിൻെറ ശരീരവും കാസ അവിടുത്തെ രക്തവും ആണെന്നു പ്രസ്താവിക്കുന്നു. മൂന്നാം ശതകത്തിൽ പാശ്ചാത്യസഭയിൽ തെൎത്തുല്യൻ (Tertullian) നമ്മൾ മിശിഹായുടെ ശരീരവും രക്തവും ഭക്ഷിക്കുന്നു എന്നും,(Contr. Marcion. lib. IV c. 18. n. 5. et De Ressur. Carn.) പൗരസ്ത്യസഭയിൽ ഒരിജേൻ (Origen) ഈ അക്ഷയാഹാരം ഭക്ഷിക്കുമ്പോൾ നമ്മൾ കൎത്താവിൻെറ ശരീരത്തെ ഭക്ഷിക്കയും രക്തത്തെ കുടിക്കയും ചെയ്യുന്നു എന്നു എഴുതിയിരിക്കുന്നു. നാലാം നൂറാണ്ടിൽ കേസറിയായിലെ എവുസേബിയസ് (Eusebius) അപ്പം കൎത്താവിൻെറ അമൂല്യ ശരീരവും വീഞ്ഞു അവിടുത്തെ അമൂല്യ രക്തവും ആയി വസ്തു ഭേദ

പ്പെട്ടുന്നു എന്നു പറയുന്നു. അതേശതാബ്ദത്തിൽതന്നെ മെത്രാനായ മക്കാരിയൂസ് മാഞ്ഞെസ് (Macarius Magnes) പറയുന്നു. "ചില ഭോഷന്മാർ ജല്പിക്കുന്നതുപോലെ വി. കുർബ്ബാന മിശിഹായുടെ ശരീരത്തിൻെറയും രക്തത്തിൻെറയും വെറും പ്രതിഛായ അല്ല! പിന്നെയോ വാസ്തവത്തിൽ അതു അവിടുത്തെ യഥാൎത്ഥ ശരീരവും രക്തവും ആകുന്നു." ഓർശ്ലമിലെ വി. ക്രുറില്ലോസ്, അപ്പമായി കാണപ്പെട്ടുന്നതു അപ്പമല്ല: മിശിഹായുടെ ശരീരമാകുന്നു. വീഞ്ഞുപോലെ കാണപ്പെട്ടുന്നതു വീഞ്ഞല്ല! മിശിഹായുടെ രക്തമാകുന്നു." എന്നാണു ജ്ഞാനസ്നാനാൎത്ഥികളെ പഠിപ്പിച്ചിരുന്നതു്. (Catech. IV.) നാലാം ശതാബ്ദത്തോടുകൂടി വേദങ്ങൾക്കും ഒട്ടു ശമിച്ചതിനാൽ സത്യസഭയുടെ ഹൃദയം തന്നെയായിരിക്കുന്ന സാക്ഷാൽ സാന്നിദ്ധ്യത്തെക്കുറിച്ചു പിതാക്കന്മാർ സ്പഷ്ടമായും വിപുലമായും എഴുതി തുടങ്ങിയതിനാൽ സ്വിൻഗ്ലി (Zwingli) തന്നെയും "അഗുസ്തീനോസിൻെറ കാലം മുതൽ ശാരീരിക മാംസത്തെക്കുറിച്ചുള്ള അഭിപ്രായം പ്രബലപ്പെട്ടുപോയി." എന്നു സമ്മതിക്കുന്നതിനു നിർബന്ധിതനായിത്തീൎന്നു. അതുകൊണ്ടു തദനന്തരമുള്ള പിതാക്കന്മാരുടെ എഴുത്തുകളെ ഉദ്ധരിക്കേണ്ടതില്ല. ഈറാനിമ്മോസ്, സൽവിയാനോസ്, ക്രിസോസ്തോമ്മോസ്, അത്തനാസീസ് അലെക്സാന്ത്രിയായിലെ ക്രുറില്ലോസ് ആദിയായ പിതാക്കന്മാർ വി. കുർബ്ബാന മിശിഹായുടെ തിരുശരീരത്തിൻെറ വെറും സാദൃശ്യമല്ലെന്നും പ്രത്യുത തിരുശരീരത്തെ യഥാൎത്ഥമായി അടക്കിക്കൊള്ളുന്നു എന്നും പറയുന്നു. നീസായിലെ ഗ്രിഗോരിയോസ്, അഗുസ്തീനോസ്, ക്രിസോസ്തോമ്മോസ് മുതലായ പിതാക്കന്മാർ സാക്ഷാൽ സാന്നിദ്ധ്യത്തെക്കുറിച്ചു ധ്യാനിച്ചു വിസ്മയഭരിതരാകുന്നു. ഓർശ്ലമിലെ ക്രുറില്ലോസും, ക്രിസോസ്തോമ്മോസും, തെർത്തുല്യനും ദിവ്യരക്ഷകൻ സ്വമാംസത്തെ നമുക്കു ഭക്ഷിക്കുന്നതിനു തന്നതിനുള്ള ന്യായങ്ങളെ ചൂണ്ടി കാണിക്കുകയും, ആ മാംസത്തിനു ഏററം ഉന്നതമായ ആരാധന സമൎപ്പിക്കേണ്ടതാണെന്നു സമൎത്ഥിക്കുകയും ചെയ്യുന്നു. അപ്പത്തെ സ്വശരീരമായി വസ്തുഭേദം വരുത്തി

യതുകൊണ്ടു മിശിഹാ ദൈവമാകുന്നു എന്നു വി. ഇരണേയൂസ് വാദിക്കുന്നു.

ഇതുകണ്ടു ഏകാഭിപ്രായമായി പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതും ഇടവിടാതെ ക്രസ്ത്യാനികൾ എന്നും വിശ്വസിച്ചുപോന്നിരുന്നതും ആയ ഈ സത്യത്തെ നിഷേധിക്കുന്നതിനോ അന്യഥാ വ്യാഖ്യാനിച്ചു കളയുന്നതിനോ ശ്രമിക്കുന്നതു സാക്ഷാൽ സാഹസമെന്നേ പറയേണ്ടതുള്ളു. ഇടക്കാലത്തു സഭയിൽ ഇഴഞ്ഞു കയറിയ ഒരു നവീന വിശ്വാസമാണു സാക്ഷാൽ സാന്നിദ്ധ്യമെന്നു ആർക്കും തെളിയിക്കാൻ സാധിക്കുകയില്ല. പ്രാചീനാരാധനക്രമങ്ങളിൽ നിന്നും ദിവ്യപൂജാനുഷ്ഠാന വിധികളിൽ നിന്നും സാക്ഷാൽ സാന്നിദ്ധ്യത്തിലുള്ള വിശ്വാസം സ്ഫുടികസ്ഫുടം തെളിയുന്നുണ്ട്. പ്രാർത്ഥനാനിയമം വിശ്വാസനിയമമാണെന്നാണല്ലോ തത്വം (Lex orandi lex credendi). അതുകൊണ്ടു സഭയുടെ പാരമ്പര്യാഗതമായ വിശ്വാസസംസ്ഥാപനത്തിൽ ആരാധനക്രമത്തിനു അഥവാ ലിററർജീക്ക് ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം തന്നെയുണ്ട്. എന്നാൽ സാക്ഷാൽ സാന്നിദ്ധ്യത്തെ വിശദമാക്കുന്ന പ്രാർത്ഥനകൾ ആധുനിക ആരാധന ക്രമങ്ങളിൽ മാത്രമല്ല വളരെ പ്രാചീനമായവയിലും പാശ്ചാത്യ പൗരസ്ത്യ ദേശഭേദമെന്യേ എല്ലാ റീത്തുകളിലും. സത്യസഭയിൽനിന്നു പണ്ടേ ഛേദിക്കപ്പെട്ട മതദ്വേഷികളുടെയും ശിഷ്യക്കാരുടെയും പ്രാർത്ഥന ക്രമങ്ങളിലും ധാരാളം കാണപ്പെടുന്നുണ്ട്. സത്യസാന്നിദ്ധ്യത്തിലുള്ള വിശ്വാസത്തിന്റെ പ്രാചീനത്വമല്ലയോ ഇതിനാൽ തെളിയുന്നതു്?

ഇത്ര അനിഷേധ്യമായി നിരവധി ന്യായങ്ങളാൽ സംസ്ഥാപിതമായിട്ടുള്ള സാക്ഷാൽ സാന്നിദ്ധ്യമാണു കത്തോലിക്കാ തിരുസ്സഭയുടെ മർമ്മസ്ഥാനം. അതാണു ഒരു കത്തോലിക്കദേവാലയത്തിന്റെ ജീവൻ. അതാണു ഒരു കത്തോലിക്കന്റെ ആദ്ധ്യാത്മിക ചൈതന്യനിദാനം. അതുകൊണ്ടു ഈ സത്യത്തെ സംശയിക്കുന്നതിനേക്കാൾ സ്വന്ത ഹൃദയം പറിച്ചു കൊടുക്കുവാൻ ഏതൊരു കത്തോലിക്കനും സന്നദ്ധനായിരിക്കും.

# കർദ്ദിനാളിൻെറ വിടുതിക്കാരൻ.

ഉദ്ദേശം വളെ കൊല്ലങ്ങൾക്കുമുമ്പ്, വസന്തകാലത്തിൽ ഒരു ദിവസം രാവിലെ ഒരു കുട്ടി ഫ്ളോറൻസിലെ ഒരു കൊട്ടാരവാതില്ക്കൽ നില്ക്കുന്നുണ്ടായിരുന്നു. അവൻ സൂര്യോദയം കണ്ടാനന്ദിക്കയോ, കശാപ്പുകാരനേയോ പാല്ക്കാരനേയോ അന്വെഷിച്ചുകൊണ്ടുനില്ക്കുകയോ മററൊ ആയിരിക്കാം. ഒരു കർദ്ദിനാളിൻെറ വസതിയിലെ പാചകന്മാരിൽ ഒരുത്തനാണ ഇവൻ. പന്ത്രണ്ടു വയസ്സു പ്രായമേയുള്ളു. പേരു തോമ്മസ് എന്നാണ്. ഒരു കുട്ടി പുറകിൽനിന്നു വന്നു അവൻെറ തോളിൽ ഒന്നു തട്ടി. ഉടനെ അവൻ തിരിഞ്ഞുനോക്കിക്കൊണ്ടു പറഞ്ഞു:

"ഹാ! അതു് പീററാണോ? നീ എന്തിനാണ് ഈ ഫ്ളോറൻസിൽ ഇപ്പോൾ വന്നതു? കൊട്ടേനായിൽ എല്ലാവക്കും സുഖമാണോ?"

പീററർ: "അതേ, അവക്കെല്ലാവക്കും സുഖമാണ് ഞാൻ ഋടങ്ങാട്ടു പോന്നതു നന്നായി. ഞാൻ ആട്ടുമേയിച്ചു നടന്നു ക്ഷീണിച്ചു. എനിക്കു ഒരു ചിത്രമെഴുത്തുകാരനായിത്തീരണം. ഇവിടെ ചിത്രമെഴുത്തു പഠിപ്പിക്കുന്ന ഒരു സ്കൂളുണ്ടെന്നു ഞാൻ കേട്ടു."

തോമ്മസ്: "നിനക്കതിനു പണമുണ്ടോ?"

പീററർ: "ഒരു കാശുപോലുമില്ല."

തോമ്മസ്: എന്നാൽ നിനക്കു എൻെറകൂടെ എന്തെങ്കിലും കുസ്സിജോലി നോക്കാം. നിനക്കു പട്ടിണികൂടാതെ കഴിക്കാൻ ഇവിടെ മാറ്റുമുണ്ട്.

പീററർ: "ഞാൻ ഇവിടെ ഒരു ജോലിക്കായിട്ടു വന്നതല്ല. എനിക്കു എങ്ങിനെയെങ്കിലും ചിത്രമെഴുത്തു പഠിക്കണം. നിനക്കു ഇവിടെ ആവശ്യത്തിലധികം ഭക്ഷിക്കാൻ കിട്ടുന്നുണ്ടല്ലൊ. എനിക്കു അതിൽ ഒരു ഓഹരി തന്നാൽ മതി. എന്നെ വിശ്വസിക്കുക. ഞാൻ പ്രാപ്തിയാകുമ്പോൾ നിനക്കു കണക്കു തീർത്തുതന്നുകൊള്ളാം."

തോമ്മസ്: (അല്പം ആലോചിച്ചശേഷം) "എനിക്കതിനു സമ്മതമാണ്. നമുക്കു മുകളിൽ ഞാൻ താമസിക്കുന്ന മുറിയിൽ പോകാം. ഞാൻ നിനക്കു ഭക്ഷണം തരാം."

കുട്ടികൾ രണ്ടുപേരും ഒരു ചെറിയ മുറിയിലേക്കു കയറിപ്പോയി. അതിനകത്തു ഒരു വയ്ക്കോൽ കിടക്കയും രണ്ടു പഴയ കസേരകളും മാത്രമേയുള്ളു. അതിന്റെ ഭിത്തികൾ അലങ്കാര രഹിതമായി കിടക്കുന്നു.

തോമ്മസ് അടുക്കളയിൽ പോയി കുറെ ഇറച്ചിയും പലഹാരവും കൊണ്ടുവന്നു കൊടുത്തു. പീററർ അതു ഭക്ഷിച്ചു വിശപ്പടക്കി.

പീററർ: "ഇത്രയും നന്നായിക്കഴിഞ്ഞു. എന്നാൽ, തോമ്മസേ, ഒരു പെൻസിലും, ബ്രഷും, ചായവും കൂടാതെ ഞാൻ എങ്ങിനെ ചിത്രമെഴുതും?"

തോമ്മസ്: "നീ എന്തു ചെയ്യണമെന്നു ഞാൻ പറയാം. അടുക്കളയിൽനിന്നു ഞാൻ കുറെ കരിക്കട്ട കൊണ്ടുവരാം. നിനക്കതുകൊണ്ടു ഈ ചുമരിന്മേൽ ചിത്രമെഴുതിത്തുടങ്ങാം."

പീററർ ചുമരിന്മേൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും വൃക്ഷങ്ങളുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും പുഷ്പങ്ങളുടെയും മററും ചിത്രങ്ങൾ വരച്ചുതുടങ്ങി. കുറെ ദിവസങ്ങൾകൊണ്ടു ഭിത്തികളെല്ലാം പടംകൊണ്ടു നിറഞ്ഞു.

ഒടുവിൽ ഒരു ദിവസം തോമ്മസിനു കുറെ കാശുകിട്ടി. അന്നു അവൎക്കു രണ്ടുപേൎക്കും ഒരു സുദിനമായിരുന്നു. അതുകൊണ്ടു അവർ ഒരു ചിത്രമെഴുത്തുകാരനു ആവശ്യമുള്ള പെൻസിൽ, കടലസ്, റബർ മുതലായവ വാങ്ങി. അന്നുമുതൽ പീററർ തന്റെ ജീവിത രീതിയിൽ അല്പം വ്യത്യാസം വരുത്തി. അതിരാവിലെ അവൻ എഴുന്നേററു ഫ്ളോറൻസ്സിലെ പല സ്ഥലങ്ങളിലും സഞ്ചരിച്ചുതുടങ്ങി. പള്ളികളിലും കൊട്ടാരങ്ങളിലും മററു സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള പടങ്ങളും കൊത്തു രൂപങ്ങളും അനുസരിച്ചു അവൻ ചിത്രമെഴുത്ത് ആരംഭിച്ചു. സന്ധ്യയാകുമ്പോൾ അവൻ തോമ്മസിന്റെ മുറിയിൽ വന്നു ഭക്ഷണം കഴിച്ചു ഉറങ്ങും.

തോമ്മസ്സിന്റെ കൂടെ ഒരാൾ താമസിക്കുന്ന വിവരം മററുള്ള വേലക്കാർ അറിഞ്ഞിരുന്നില്ല. അങ്ങിനെ എല്ലാവരും അ

റിഞ്ഞിരുന്നുവെങ്കിൽ തന്നെയും അവർ കണ്ണടച്ചു കളഞ്ഞിരു ന്നു. എന്നാൽ പ്രധാന പാചകൻ, തോമ്മസ് അവന്റെ പ്രാ യക്കാർ തിന്നാറുള്ളതിലധികം തിന്നുന്നുണ്ടെന്നു ചിലപ്പോൾ പറയാറുണ്ടായിരുന്നു.

ഒരു ദിവസം കത്തീനാൾ തന്റെ അരമന ഒന്നു പരിഷ്കരി ക്കണമെന്നു നിശ്ചയിച്ചു. അദ്ദേഹം അരമനയിൽ ചുററിനടന്നു നോക്കി. ഭാഗ്യവശാൽ തോമ്മസിന്റെ മുറിയും ആ അവസര ത്തിൽ കാണ്മാനിടയായി

"എന്തു? ഇതെങ്ങിനെ സംഭവിച്ചു ? (എന്നു കരിക്കട്ടകൊ ണ്ടു ഭംഗിയായി എഴുതിയിരുന്ന ചിത്രങ്ങൾ കണ്ടു കത്തീനാൾ ചോദിച്ചു.) നമ്മുടെ കൂട്ടത്തിൽ ഒരു ചിത്രമെഴുത്തുകാരനുണ്ടോ? ഈ മുറിയിൽ താമസിക്കുന്നതാരാണു?"

ഒരു വേലക്കാരൻ: "തിരുമേനി അതു ആ ചെറിയ കുസ്സി ക്കാരൻ ചെറുക്കനാണ്."

കത്തീനാൾ: "ആ കുസ്സിക്കാരൻ ചെറുക്കനോ? നമ്മുടെ കൂട്ട ത്തിൽ ഇത്ര വളരെ സമത്ഥനായ ഒരാളുണ്ടോ? അവനേ ഉപേ ക്ഷിച്ചുകൂടാ. വിളിക്കൂ"

തോമ്മസ് വിറയലോട്ടും പരിഭ്രമത്തോടും കൂടെ വന്നു. അവൻ ആദ്യം ചുമരിലും പിന്നീടു കത്തീനാളിന്റെ മുഖത്തും നോക്കി. അവന്റെ ഹൃദയം ശക്തിയായി അടിക്കുന്നതു അവനു തന്നെ കേൾക്കാമായിരുന്നു.

"തോമ്മസേ, മേലാൽ നീ കുസ്സിപ്പണി നോക്കണ്ടാ." എ ന്നു കത്തീനാൾ പറഞ്ഞു.

തന്നെ ജോലിയിൽ നിന്നും പിരിച്ചു വിടുവാൻ പോകയാ ണെന്നു തോമ്മസ് വിചാരിച്ചു. അവന്റെ സ്നേഹിതൻ പീററ റിന്റെ സ്ഥിതി യെന്തായിരിക്കും?

തോമ്മസ്: "എന്നെ ദയവായി തള്ളിക്കളയരുതു്. എനി ക്കു യാതൊരു സഹായവുമില്ല. പീററർ പട്ടിണികിടന്നു ചാകും അവൻ ഒരു ചിത്രമെഴുത്തുകാരനാകാൻ അത്യധികം ആഗ്രഹി ക്കുന്നു!"

കത്ത്രീനാം: "പീററർ ആരാണ്?"

തോമ്മസ്: "എൻെറ കൂടെ താമസിക്കുന്ന പീററർ, കൊട്ടോനാ ദേശക്കാരനാണ്. അവനാണു ഈ ചുമരിൽക്കാണുന്ന ചിത്രങ്ങളെല്ലാം വരച്ചത്. അവൻ ചിത്രമെഴുത്തുകാരനാകാൻ വേണ്ടി എന്തു നഷ്ടവും സഹിക്കാൻ തയ്യാറാണ്."

കത്ത്രീനാം: "ഇപ്പോൾ അവൻ എവിടെയാണ്?

തോമ്മസ്: "അവൻ തെരുവീഥികളിൽ കാണുന്ന സാധനങ്ങൾ വരയ്ക്കുന്നതിനായി സഞ്ചരിക്കുകയാണ്. അവൻ എല്ലാദിവസവും രാവിലെ പോയി രാത്രിയാകുമ്പോൾ ഇവിടെ മടങ്ങിവരും."

കത്ത്രീനാം: "തോമ്മസേ, ഇന്നു രാത്രി അവൻ മടങ്ങിവരുമ്പോൾ നീ അവനെ എൻെറ അടുക്കൽ കൊണ്ടുവരണം."

എന്നാൽ, അത്ഭുതമേ! പീററർ പതിവുപോലെ അന്നു രാത്രി അവിടെ മടങ്ങിവന്നില്ല. ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞു! പീറററിനെക്കുറിച്ചു ഒരു വത്തമാനവുമില്ല. ഒടുവിൽ കത്ത്രീനാം പീറററിനെ അന്വേഷിക്കുവാനായി ആളുകളെ പല സ്ഥലങ്ങളിലും അയച്ചു. അവരിൽ ഒരാൾ അവനെ ഒരു കോവേന്തയിൽ കണ്ടുമുട്ടി. അവൻ അവിടെ റാഫേലിൻെറ ഒരു കമനീയമായ ചിത്രംകണ്ടു അതിനെ പകത്തി എഴുതുവാൻ സന്യാസികളോടു അനുവാദം അപേക്ഷിച്ചു. അവർ, അവൻെറ ചെറുപ്പവും ചുറുചുറുപ്പും കണ്ടു അവിടെ താമസിച്ചു ആ ചിത്രമെഴുതുന്നതിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുത്തു.

കത്ത്രീനാളിൻെറ പ്രത്യേക താൽപര്യപ്രകാരം ഫ്ളോറൻസിലെ ഏററവും നല്ല ഒരു സ്കൂളിൽ അവനെ ചിത്ര മെഴുത്തു അഭ്യസിക്കുന്നതിനായി ആക്കി. തോമ്മസാകട്ടെ കത്ത്രീനാളിൻെറ ഒരു "ബോയി" ആയി നിയമിക്കപ്പെടുകയും അവൻെറ സാധാരണ വിദ്യാഭ്യാസത്തിനായി ചില ഗുരുക്കന്മാരെ ഏപ്പെടുത്തുകയും ചെയ്തു.

അമ്പതു കൊല്ലം കഴിഞ്ഞു ഫ്ളോറൻസിലെ മനോഹരങ്ങളായ സദനങ്ങളിലൊന്നിൽ രണ്ടു വൃദ്ധന്മാർ സൗഭാഗ്യസമേ

ത്തം വസിക്കുന്നുണ്ടായിരുന്നു. അവരിൽ ഒരാൾ പീററർ കൊട്ടോനയായിരുന്നു. "അദ്ദേഹം ഞങ്ങളുടെ കാലത്തുണ്ടായിട്ടുള്ള ചിത്രമെഴുത്തുകാരിൽ പ്രഥമഗണനീയനാണ്" എന്നു ജനങ്ങൾ പറയുക പതിവായിരുന്നു. അപരൻ തോമ്മസാണ്. അദ്ദേഹം സത്സ്വഭാവിയും പരോപകാരിയുമാണെന്നു ള്ളതും പ്രകീർത്തിക്കപ്പെടുന്നു.

---

# വിശ്വാസം.

൧. ആത്മാവിൻെറ ഏററം വലിയ സംരക്ഷക വിശ്വാസമാകുന്നു. എന്തെന്നാൽ ഇതു വഴിയായി പരിശുദ്ധാത്മാവ് അതിനു വെളിച്ചം നൽകുന്നു. വിശ്വാസം എത്ര ദൃഢമായിരിക്കുമോ സ്നേഹം അത്ര വർദ്ധിച്ചിരിക്കും.

൨. പുതിയ വെളിപാടുകളും ദർശനങ്ങളും ദൈവത്തിൽനിന്നും അർത്ഥിക്കുന്നവർ അവിടുത്തെ അനിഷ്ടപ്പെടുത്തുകയത്രെ ചെയ്യുന്നതു്; എന്തെന്നാൽ ഇവർ ക്രിസ്തുവിൻെറ പക്കലേയ്ക്കു സ്വനയനങ്ങളെ തിരിക്കുന്നില്ല. ഇവരോടു ദൈവം പറയുന്നതു ഇപ്രകാരമാണു്: "എനിക്കധികം ഇഷ്ടപ്പെട്ട എൻെറ വത്സലസുതനാണു് ഇവൻ; നിങ്ങൾ ഇവനെ കേൾക്കുക. നവീന വെളിപാടുകളെയും ഉപദേശങ്ങളെയും നിങ്ങൾ അന്വേഷിക്കേണ്ട; എന്തെന്നാൽ നിങ്ങൾക്കാവശ്യമുള്ളവയെല്ലാം ഇവൻ വഴിയായി ഞാൻ വെളിപ്പെടുത്തിയിട്ടുണ്ടു്. ഇവനെ നിങ്ങളുടെ സഹോദരനും, ഗുരുവും, സഖാവും, മോചനദ്രവ്യവും, നിത്യസമ്മാനവുമായിട്ടു നിങ്ങൾക്കു ഞാൻ നൽകിയിരിക്കുന്നു."

൩. ദൈവത്തിൻെറ പ്രമാണങ്ങളെയും തൻെറ വിശുദ്ധോപദേശങ്ങളെയും പൂർണ്ണമായി അനുസരിച്ചുകൊണ്ടു അവിടുത്തെ പക്കലേയ്ക്കു സ്വമനസ്സിനെ ധൈര്യപൂർവ്വം ആനയിക്കുന്നതിനു പഠിക്കുന്നതിലത്രെ വിശുദ്ധന്മാരുടെ ബുദ്ധിവൈശിഷ്ട്യം അടങ്ങിയിരിക്കുന്നതു്. — കുരിശിൻെറ വി. യോഹന്നാൻ.

# പോയീടുവിൻ.

(നേരമിട്ടത ക്രുടിനേസം പൊറവേനല്ല. എ മ.)

റവ. ഫാദർ ജേക്കബ് കല്ലറയ്ക്കൽ.

പോയിടുവിൻ ജോസഫ് പാദത്തിലാശയോടെ (പോയി)

1. ക്ഷേമാഭിലാഷിതരെ—
ക്ഷാമകര പീഡിതരെ,
മെത്തു മത്തലാലെ ചിത്തം—
വാടി വെന്തു നീറുവോരെ,
ഹന്ത! തൊഴിലേതുമെന്യേ—
സന്തതം വലയുവോരെ,
സ്വാന്തമതിൽ ശാന്തിയില്ലാ—
തമ്പരന്നുഴലുവോരെ,
അശാപൂർവ്വം നാകനായക ഭണ്ഡാഗാരെ (പോയിടുവിൻ)

2 ഗാർഹസ്ഥ്യ ജീവിതത്തിൻ—
മാററു കാട്ടും മന്ദിരത്തിൽ
നിത്യസമാധാന നൃത്തം
ലാലസിക്കും മന്ദിരത്തിൽ
കരവേല മാഹാത്മ്യത്തിൻ
മഞ്ജുള പ്രദർശനത്തിൽ
ശിഷ്ടഗുണ പാഠശാല—
യായിടും മണിഗൃഹത്തിൽ
ശോകഹീനം മാംഗ്ലദീപമാം മന്ദിരത്തിൽ (പോയി)

3. നാകേശ സൂനുവിനെ
പാപ പരിഹാരകനെ
വിണ്ണിൻ മണി ഭാസ്കരനെ
ഭവ്യാമൃത നായകനെ
നാരീകുല ഹീരമായ
മേരിയംബ തൻ മകനെ
പാണീതലേയേന്തിടുന്ന
പാവന മഹാ മുനിതൻ
കാരുണ്യമോ കര കാണാവോ മാനുഷരെ (പോയി)

# എന്നെ അറിയുന്നു.

(ശ്രീമാൻ ആൻറണി തൊകലത്തു്.)

നമ്മുടെ പരമനാഥനായ ദൈവത്തെ നാം അറിയുന്നു. അദ്ദേഹത്തെ അറിഞ്ഞു അദ്ദേഹത്തിൽ ഐക്യപ്പെടുക എന്നതാണു് നിത്യജീവൻ എന്നും നാം മനസ്സിലാക്കിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ സഭയ്ക്കുപുറമെ നില്ക്കുവാൻ ഇഷ്ടപ്പെടുന്നവർ ഉദ്ദേശമെന്നിയെ അലഞ്ഞുനടക്കുകയാണു്. അവർ അവരെ സ്വന്തഭരണത്തിനു കീഴ്പ്പെടുത്തുന്നു. അവരുടെ നീതി എത്രയൊ ഗോപ്യമായിട്ടാണു് അവർ സൂക്ഷിക്കുന്നതു്. അതിൻെറ സ്വാദു അവരനുഭവിക്കുന്നുമുണ്ടായിരിക്കും.

നിത്യനാഥനെ അറിയുക എന്നതു് വിശ്വാസവൃക്ഷത്തിൻെറ കുസുമവും അനുസരിക്കുകയെന്നതു് ആ ദ്രുമത്തിൻെറ ഫലവും ആകുന്നു. പരിശുദ്ധവും, സാർവ്വത്രികവും ശ്ലീഹായ്ക്കടുത്തതുമായ ദൈവിക വസതി സത്യതിരുസ്സഭ അതായതു് റോമാപ്പള്ളി മാത്രമാണു്. ഇതു് ദൈവാത്മനിവേശത്താൽ മനസ്സിലാക്കേണ്ടതുമാകുന്നു. അനുഗ്രഹങ്ങളുടെ പരിപൂർണ്ണതയിൽ സനാതനസഭയ്ക്കകത്തു നിത്യരക്ഷ പരിലസിക്കുന്നു. ആദ്യന്തവിഹീനനായ സർവ്വവല്ലഭൻ അവിടെ പാർക്കുന്നു.

ലൌകികസ്ഥിതിഗതികളെക്കൊണ്ടുതന്നെ കഴിയുന്നവിധമെല്ലാം അദ്ദേഹത്തെപ്പററി മനസ്സിലാക്കേണ്ടതാണു് നമ്മുടെ ചുമതല. സുവ്യക്തദർശനാർത്ഥം വിശ്വാസമാണു് നമ്മെ തയ്യാറാക്കുന്നതു്. വിശ്വാസദൃഷ്ടികൾകൊണ്ടു കാര്യം ഗ്രഹിക്കേണമെങ്കിൽ നാം സർവ്വശക്തൻെറ സ്വന്തമായവർ ആയിരിക്കുകയും വേണം. തിരഞ്ഞെടുക്കപ്പെടാത്തവർ - ദൈവത്താൽതന്നെ തിരഞ്ഞെടുക്കപ്പെടാത്തവർ – നിജശിഷ്യസംജ്ഞയിൽ എണ്ണപ്പെടുകയില്ല. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളെ ക്ഷമയോടും സ്നേഹദാർഢ്യത്തോടുംകൂടി സ്വീകരിക്കാത്തവനും അദ്ദേഹത്തിനു സ്വീകാര്യനായിരിക്കയില്ല. വിശ്വാസമെന്ന വിശുദ്ധ ദാനം നിത്യനാഥൻ തൻെറ സൃഷ്ടികൾ ഒരാളിൽനിന്നും പിൻവലിക്കുന്നില്ല.

അവതീർണ്ണമായ വചനം (The Word Incarnate) ആർദ്രസ്നേഹത്തോടെ എല്ലാവരെയും വിശ്വാസമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നുമുണ്ട്. എന്നാൽ വിശ്വാസിയാൽമാത്രം സ്വീകൃതമായ ഒരു സമ്മാനമാണ് വിശ്വാസം. അയാൾക്കും അതു തിരസ്കരിക്കുവാനും നശിപ്പിക്കുവാനും സാധിക്കും. വിജ്ഞാനം വിസ്മരണാവസ്ഥയിൽ ലയിച്ചുപോകുന്നവിധവും, വായുവും വെളിച്ചവും ലഭിക്കാതെയും ആരും ശ്രദ്ധിക്കാതെയും ഇരിക്കുന്നതുമൂലം സസ്യലതാദികൾക്കു സംഭവിക്കുന്ന നാശം പോലെയും വിശ്വാസവും ക്ഷയിച്ചുപോകാവുന്നതുതന്നെയാണ്.

അഹങ്കാരം, ആലസ്യം, ക്രിസ്തുവിന്റെ പാഠങ്ങളെ വിമർശിക്കൽ എന്നീ വിഷവായുക്കളുടെ ശ്വാസനംകൊണ്ടു വിശ്വാസദാനം പാടെ നഷ്ടപ്പെട്ടുപോവുകയും നിരാശാപൂരിതമായ അന്ധകാരം പെട്ടെന്നു ചുററിലും വ്യാപിക്കുകയും ചെയ്യും. എന്നാൽ ഇങ്ങനെ സംഭവിക്കാവുന്ന വിപത്തുക്കളിൽ നിന്നു ദൈവാനുഗ്രഹം നമ്മെ രക്ഷപ്പെടുത്തുന്നു. നമ്മുടെ നല്ല നിലയെ തെററിക്കുവാനുള്ള പരീക്ഷകളെ ദൈവപ്രസാദം ജയിക്കുന്നു. അനുഗ്രഹ വാരിധിയായ ദൈവം സദാപി ആവശ്യക്കാരെ പാർത്തിരിക്കുകയാണ് ചെയ്യുന്നത്.

ദൈവിക വിശ്വാസത്തിന്റെ വിലയും നിലയും ലൗകികമായ ബുദ്ധിവൈഭവം കൊണ്ടു നാം എപ്പോഴെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

പ്രകാശത്തിന്റെ പിതാവായ പരമനാഥങ്കൽ നിന്നും നേരായ മാർഗ്ഗത്തിലൂടെ നമ്മുടെ ഹൃദയ പ്രസൂനങ്ങളിലേക്ക് ആ ദാനം കടന്നുകൊണ്ടേ ഇരിക്കുന്നു എന്നുതന്നെയെങ്കിലും നമുക്കു മനസ്സിലാക്കാം.

വിശ്വാസം പ്രകൃത്യാ നമ്മിൽ ഏറക്കുറെ വേരൂന്നിയിട്ടുള്ളതായും ക്രമാനുഗതമായ ശുഭ ജീവിതത്തിന്റെ അടിസ്ഥാനമായിട്ടു സ്ഥിതി ചെയ്യുന്നതായും നാം ചിലപ്പോഴൊക്കെ അഭിമാനിക്കുന്നുണ്ട്. അല്ലെങ്കിൽ ആത്മിക ജീവിതത്തിന്റെ ഉപാധിയായ വിശ്വാസത്തെ ലഘൂകരിച്ചും വിസ്മരിച്ചും നാം ജീവി

എൻെറ സ്വന്തമായവ എന്നെ അറിയുന്നു ഞാൻ

കാരുമുണ്ട്.

സ്വന്ത വിശ്വാസത്തെപ്പററി അഭിമാനപൂർവ്വം-മനുഷ്യരു ടെമുമ്പാകെ മാത്രമല്ല; എല്ലാററിൻെറയുംമുമ്പാകെ-നാം ചിന്തിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ പരമ നാഥനായ ക്രിസ്തു ദൈവമാണ്. അദ്ദേഹത്തിൻെറ സഭ സത്യമാണ്. പരിശുദ്ധാത്മാവു നമ്മുടെ വിശ്വാസത്തെ സ്ഥിരപ്രതിഷ്ഠിതമാക്കിച്ചെയ്തു യുംചെയ്തിരിക്കുന്നു.

എന്നാൽ, ദൈവസ്തുതിയ്ക്കായി ആർ തുനിയുന്നു? ജ്ഞാനസ്നാനത്താൽ പാരത്രിക നന്മകളിലേക്കു നമ്മെ നയിച്ചതിനു മാത്രമായിട്ടല്ല; ക്രൈസ്തവവിശ്വാസത്തിൻെറ പ്രചാരാത്ഥവും അഭിവൃദ്ധിക്കുമായിക്കൊണ്ടുതന്നെ.

സാമ്രാജ്യികജീവിതത്തിൽനിന്നു വിശ്വാസത്തെ നീക്കിവെച്ചു എന്നു തന്നെയിരിക്കട്ടെ. എന്നാലും പ്രകൃത്യതീതമായ പ്രസ്തുത ദാനം കുരുടനു കാഴ്ച നൽകിയ ആ ക്രിസ്തുവിൻെറ പ്രസാദംകൂടാതെ നമുക്കു ലഭിക്കാവുന്നതല്ല എന്നാൽ അദ്ദേഹത്തിൻെറ രഹസ്യങ്ങൾ അദ്ദേഹംതന്നെ വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ ഒരാൾക്കും ഗ്രഹിക്കാവുന്നതുമല്ല.

അദ്ദേഹത്തിൻെറ ആട്ടിൻകൂട്ടം ഇടയൻെറ ശബ്ദം അറിയുന്നു അദ്ദേഹത്തിൻെറ ഭൃത്യന്മാർ യജമാനൻെറ വരവിനെ ഉൽക്കണ്ഠാപൂർവ്വം ശ്രദ്ധിച്ചു തങ്ങളുടെ വിളക്കുകൾ തെളിയിച്ചു രാത്രി മുഴുവനും കാത്തിരിക്കുന്നു. വിശ്വാസത്തെ നാം തിരസ്കരിക്കുകയാണെങ്കിൽ ദൈവം ശക്തി പ്രയോഗിച്ചു നമ്മിൽ അതു ചെലുത്തുകയില്ല. ദൈവിക വിശ്വാസം കരസ്ഥമാകേണമെന്നു നാം അഭിലഷിക്കുന്നുണ്ടെങ്കിൽ ആ അഭിലാഷവുംകൂടി ദൈവാനുഗ്രഹത്തിൽ നിന്നുണ്ടാകുന്നതാണ്.

സൃഷ്ടമായ യാതൊരു ശക്തിക്കും ദൈവസന്നിധി പൂകുവാൻ സാധിക്കയില്ല. അദ്ദേഹം നമ്മെ ആകർഷിച്ചു അദ്ദേഹത്തിൽ ഐക്യപ്പെടുത്തുകതന്നെവേണം. അനുഗ്രഹത്തിൻെറ ആദ്യത്തെ കണികപോലും ദൈവത്തിൽനിന്നുതന്നെ ലഭിക്കേണ്ടിയിരിക്കുന്നു. സർവ്വശക്തൻ തിരുമനസ്സാകുന്നവിധത്തിൽ മാത്രമേ ന

മ്മുടെ രക്ഷയുടെ വാഗ്ദാനവും വിശ്വാസദാനവും സ്ഥിതിചെയ്യു യുള്ളു.

ബുദ്ധിസാമത്ഥ്യം നമ്മുടെ സ്വന്തമാണെന്നു നടിക്കുന്നുണ്ടെങ്കിൽ അതുകൊണ്ടു ഇവിടെ യാതൊന്നും സാധിക്കുകയില്ല. വിവേകം സത്യവിശ്വാസത്തിൻെറ സംഘടനയോടുകൂടി പ്രവൃത്തി തുടരുമ്പോൾ ദൈവത്തിൻെറ വഴിയിലേക്കുള്ള ദീപം നമ്മുടെ മുമ്പാകെ പ്രകാശിച്ചു തുടങ്ങിയതായിട്ടഭിമാനിക്കാം.

ലൌകികമായ സാഹചര്യങ്ങളാൽ പ്രേരിതരായിട്ടുള്ള നമ്മുടെ വിചാരം ബാഹ്യജീവിതചേഷ്ടകളെമാത്രം ദൈവം ശ്രദ്ധിക്കുന്നു എന്നാണ്. ആന്തരിക ജീവിതം അദ്ദേഹത്തിൻെറ അധികാര സീമയിൽ ഉൾപ്പെട്ടതായി നാം ഗണിക്കുന്നുമില്ല. ഇതു ദൈവത്തിൽനിന്നു എത്രയോ വിദൂരസ്ഥിതമായ വിചാരമാണ്. സവ്വത്തിലും സവ്വദാ സവ്വശക്തനു സവ്വഥാ നിയന്ത്രണാവകാശമുണ്ട്. നമ്മുടെ ആലോചന അസ്ഥാനത്തിലും ക്രിസ്തുനാഥൻ പഠിപ്പിക്കുന്നതിനു വിരോധമായിട്ടും ഉള്ളതാണ്.

നമ്മുടെ വിചാരം ശരിയായിരിപ്പാൻ നാം യത്നിക്കേണ്ടതുണ്ട്. നല്ല ഭൂമിയിൽ വീണ നല്ല വിത്തു, വളന്നു വളരെ ഫലപ്രദായകമാകുന്നതുപോലെ; നമ്മുടെ വിചാര ബീജവും, സൽഫലോല്പാദകമായി ഭവിക്കണം.

വിശ്വാസ പ്രചരണം അക്രൈസ്തവമായ മനസ്ഥിതിക്കു വെറുക്കത്തക്കതും, ബലഹീനവും, ഭയാനകവും, പാപകരവുമായി തോന്നുന്നു. സത്യത്തിൽ വെറുപ്പും ബലഹീനതയും, ഭയവും, പാപചിന്തയും ജനിക്കുന്ന ഒരു മനസ്ഥിതി മാത്രമാണിതു്. ക്രിസ്തുവിനെ ചങ്ങലകൊണ്ടു ബന്ധിച്ചു അവിശ്വാസികളായ പരിഹാസികളുടെ മുമ്പിൽ നിറുത്തി അപമാനിപ്പിക്കുവാൻ നാം ഹേതുഭൂതരാകുന്നുണ്ടോ ? അവിടെ സത്യം പ്രകാശിപ്പിക്കുവാൻ നാം തുനിയാതിരിക്കുന്നുണ്ടോ ?

യഥാത്ഥക്രിസ്ത്യാനി തൻെറ വിശ്വാസദാനത്തിൽ അഭിമാനിയും അതേസമയം ലോകദൃഷ്ടിക്കു വിനീതനും ആയിരിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ തൃക്കൈകളിൽ താൻ ഒരാ

# കാലംചെയ്ത കുര്യാളശ്ശേരി മെത്രാനച്ചൻ

൧൯൨൫ ജൂൺ ൨-ാംനു റോമയിൽവച്ചു കാലംചെയ്ത ചങ്ങനാശേരി മെത്രാനായിരുന്ന ഡോക്ടർ കുര്യാളശ്ശേരി തിരുമനസ്സിലെ ശരീരാവശിഷ്ടങ്ങൾ ജൂലൈ ൧൮-ാംനു നാലു മണിക്കു എസ്. എസ്. റിഗാററാ എന്ന കപ്പലിൽ കൊച്ചിത്തുറമുഖത്തു കൊണ്ടുവരികയും ചങ്ങനാശേരി വികാരി ജനറാളച്ചൻ അതു ഒരു സ്പെഷ്യൽ ബോട്ടിൽ കൈനകരിക്കു കൊണ്ടുപോകുകയും ചെയ്തിരിക്കുന്നു. കപ്പലിൽനിന്നു പ്രേതമഞ്ചം ബോട്ടിൽ കയററിയശേഷം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും വികാരി ജനറാളച്ചനും, എറണാകുളം വികാരി ജനറാളച്ചനും, ചങ്ങനാശേരി വികാരി ജനറാളച്ചനും മററു ചില വൈദികരുംകൂടി ബോട്ടിൽവച്ചുതന്നെ ഒരു ചെറിയ ഒപ്പീസു കഴിക്കുകയുണ്ടായി. കൈനകരിയിൽവെച്ചു ൧൯-ാംനു രാവിലെ ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പോന്തിഫിക്കാൾ കുർബാന സമർപ്പിക്കുകയും അതുകഴിഞ്ഞു മഞ്ചം ആഘോഷമായി ചമ്പക്കുളത്തിനു കൊണ്ടുപോകുകയുംചെയ്തു. ചമ്പക്കുളത്തു ഒരാഴ്ച വച്ചിരിക്കുന്നതും, ൨൬-ാംനു അവിടെ പോന്തിഫിക്കാൾ കുർബ്ബാനയും മററും സമർപ്പിച്ചശേഷം ഒരു വലിയ ഘോഷയാത്രയായി ചങ്ങനാശേരിക്കു കൊണ്ടുപോയി കത്തീഡ്രൽ ദേവാലയത്തിൽ സംസ്കരിക്കുന്നതുമാണ്.

---

യുധംമാത്രമാണെന്നു അവൻ അറിയുന്നതുകൊണ്ടുതന്നെ. സ്വന്തനിലയിൽ അവൻ യാതൊന്നുമല്ല.

നമ്മുടെ ജീവിതം നിത്യതയാകുന്നു. അതു ക്രിസ്തുവിനെ അന്വേഷിക്കുന്നതിലാകുന്നു വാസ്തവമായി സ്ഥിതിചെയ്യുന്നതു്. പിതൃഗൃഹത്തിലേക്കുള്ള വഴിയുടെ ഒന്നാമത്തെ പടി വിശ്വാസമാണു. വിശ്വാസം നമ്മുടെ ബുദ്ധിസാമർത്ഥ്യത്തെ നശിപ്പിക്കുകയൊ അറിവിനെ അന്ധകാരമയമാക്കുകയൊ അസാന്മാർഗ്ഗികമായതിനെ നമ്മെ വിശ്വസിപ്പിക്കുകയൊ കണ്ണില്ലാത്തവരുടെ കൂട്ടത്തിൽ നടത്തുകയൊ ചെയ്യുന്നില്ല. എന്നാൽ അതു നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളെ വർദ്ധമാനമാക്കുകയും അദൃശ്യമായതിനെ കൺമുമ്പാകെ അനുസ്മരിപ്പിക്കുകയും ചെയ്യും. മാത്രമല്ല; സത്യസ്വരൂപനായ സർവ്വശക്തനിൽതന്നെ സർവ്വത്തെയും നമുക്കു സംവീക്ഷിക്കുകയും ചെയ്യാം.

---

# ഭക്തി.

(റവ. ജോസഫ് വട്ടയ്ക്കാട്ട്.)

യഥാൎത്ഥമായ ഭക്തി എന്താണ്? കപടഭക്തി ഉണ്ടോ? "മിന്നുന്നതെല്ലാം പൊന്നല്ല" എന്ന പഴഞ്ചൊല്ലിൽ ഒട്ടും സത്യമില്ലെന്നോ? ആകയാൽ യഥാൎത്ഥഭക്തി എന്തിൽ അടങ്ങിയിരിക്കുന്നുവെന്ന നമുക്കു പരിശോധിക്കാം. ഭക്തി എന്ന വാക്കിനു പലരും പല അൎത്ഥം സങ്കല്പിക്കാറുണ്ട്. "അവൾ ഒരു ഭക്തിക്കാരത്തിയാണ്" എന്നു പറഞ്ഞാൽ അവൾ എന്നും പള്ളിയിൽ പോകുന്നവളാണ് എന്നാത്രെ ചിലർ മനസ്സിലാക്കുന്നതു്. പള്ളിയിൽ പോക്കിലത്രെ ഭക്തി സ്ഥിതിചെയ്യുന്നതു് എന്നാണ് ഇക്കൂട്ടരുടെ വിചാരം. ഏറെനേരം കുറെ പ്രാൎത്ഥനകൾ ഉരുവിട്ടാൽ ഭക്തിയായി എന്നു മറ്റൊരുകൂട്ടർ ധരിക്കുന്നു. പ്രാൎത്ഥന, ഭക്തിയെ ഗണ്യമായവിധം സഹായിക്കുന്ന ഒന്നുതന്നെ. നിരവധി ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കയൊ, ഭക്തസഖ്യങ്ങളിൽ ചേരുകയോ, നെഞ്ഞത്തടിച്ചു കരഞ്ഞു് സൽപ്രതിജ്ഞകൾ ചെയ്യുകയോ, ഏതെങ്കിലുമൊരു വിശുദ്ധന്റെനേൎക്കുമാത്രം പ്രത്യേകം ഒരു വണക്കം കാണിക്കയൊ ചെയ്താൽ ഭക്തശിരോമണിയായിത്തീൎന്നുകഴിഞ്ഞുവെന്നും വിശ്വസിക്കുന്നവരുണ്ട്. ഇവരാരും ഭക്തിയുടെ മൎമ്മം മനസ്സിലാക്കിയിട്ടില്ല. വളരെ നിഷ്കൎഷയോടെ മാസാദ്യവെള്ളിയാഴ്ചതോറും കുമ്പസാരിച്ചു് കുൎബ്ബാന കൈക്കൊള്ളുന്നവനു ഞായറാഴ്ച കുൎബ്ബാന കാണാതിരിപ്പാൻ ഒരു മടിയുമില്ലെങ്കിൽ അവന്റെ ഭക്തി എന്താണ്? പ്രതിദിനം വളരെ നേരം പല കൊന്തകളും എത്തിക്കുന്നവന്റെ ഹൃദയം, പക, അസൂയ, പരദൂഷണം മുതലായ ദുൎഗ്ഗുണങ്ങളുടെ വിളനിലമാണെങ്കിൽ അവന്റെ ഭക്തി എവിടെ? നേരം വെളുത്തുകഴിഞ്ഞാലുടൻതന്നെ കൊന്തയെടുത്തുകൊണ്ട് എന്നും പള്ളിയിലേക്കു ഓടുന്ന ഒരു കിഴവി, തിരിച്ചുവരുമ്പോൾ കൊന്ത ഉരുട്ടുന്നതു മകന്റെ ഭാൎയ്യയുടെ കന്നത്താണെങ്കിൽ ആ വൃദ്ധ ഭക്തയോ?

മേൽപ്രസ്താവിച്ചവരെ യഥാൎത്ഥഭക്തരായി പരിഗണിപ്പാൻ നിവൃത്തിയില്ല. യഥാൎത്ഥഭക്തിയുടെ സ്വഭാവമെന്താണ്?

ദൈവഹിതമനുസരിച്ച് സദാ പ്രവത്തിക്കുന്നതിനുള്ള പ്രസക്തി അഥവാ സന്നദ്ധതയത്രെ ഭക്തി. ദൈവഹിതത്തെ നാം എങ്ങനെ മനസ്സിലാക്കും? ദൈവപ്രമാണങ്ങൾ, തിരുസ്സഭയുടെ കല്പനകൾ, മനസ്സാക്ഷിയുടെ പ്രചോദനങ്ങൾ, ന്യായമായ മേലധികാരികളുടെ ശാസനങ്ങൾ, ആത്മീയോപദേഷ്ടാക്കന്മാരുടെ ഉപദേശങ്ങൾ എന്നിവ വഴിയായി ഏറക്കുറെ ദൈവഹിതം വെളിപ്പെടുത്തപ്പെടുന്നു. അധ്യാത്മശാസ്ത്രപടുവായ വി. ഫ്രാൻസിസ് ദെ സാലസ് ഭക്തിയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്: "ദൈവസ്നേഹത്തെപ്രതി, ദൈവം കല്പിക്കുന്നവയേയും തിരുസ്സഭ ആവശ്യപ്പെടുന്നവയേയും, അവനവന്റെ ജീവിതാവസ്ഥയുടെ കടമകളെയും അനുഷ്ഠിക്കുന്നോവൻ യഥാർത്ഥഭക്തനത്രെ. ദൈവസ്നേഹവും ഭക്തിയും ഒന്നല്ല; ദൈവസ്നേഹം അഗ്നിയെങ്കിൽ, ഭക്തി ജ്വാലയാണ്. ഒന്നു ഒരു കുസുമമെങ്കിൽ മററത് അതിന്റെ സൗരഭ്യമത്രെ. ഒന്നു ഒരു വിലയേറിയ രത്നമെങ്കിൽ മററത് അതിന്റെ ശോഭയത്രെ." ചേതോവികാരങ്ങളെ പ്രകാശിപ്പിക്കുന്നുവെങ്കിൽ ഭക്തിപ്രകടനങ്ങൾ നല്ലവതന്നെ. "ദൈവം സ്നേഹമാകുന്നു; അവന്റെ രാജ്യം നമ്മുടെ ഉള്ളിൽ ആകുന്നു. ആകയാൽ ബാഹ്യാചാരങ്ങളെ അധികം മുറുകെ പിടിക്കാതിരിക്കാം." (ഫെനലൻ).

യഥാർത്ഥഭക്തൻ തന്റെ സർവ്വസ്വമായി ദൈവത്തെ വിചാരിക്കുന്നു. സർവ്വവും ദൈവത്തിനു അവൻ സമർപ്പിക്കുന്നു. അവിടത്തേക്കുവേണ്ടി എന്തും ചെയ്യുന്നതിനു അവൻ തയ്യാറാണ്. സ്വേച്ഛയെ വെടിയുന്നതിൽ അവനു തെല്ലും മടിയില്ല. സ്വശക്തിയിൽ നന്നാ കുറച്ചും ദൈവത്തിൽ അതിരു കവിഞ്ഞും അവൻ ആശ്രയിക്കുന്നു.

ഇപ്രകാരം ചെയ്യുന്നവർ എത്ര ചുരുക്കം. ഈ ശോചനീയാവസ്ഥയെപ്പററി ഈശോതന്നെ സീയന്നായിലെ വി. കത്രീനക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. അവൾ ഇപ്രകാരം ഒരിക്കൽ കത്താവിനോടു ചോദിക്കയുണ്ടായി. "ദിവ്യനാഥാ, അങ്ങ് പ്രവാചകന്മാരുടെയും അപ്പസ്തോലന്മാരുടെയും കാലത്ത് വലിയ കാ

ത്ഭുതങ്ങൾ പ്രവത്തിച്ചുകൊണ്ടു ജനങ്ങളോടു സംഭാഷിച്ചിരുന്നു. ഇപ്പോഴാകട്ടെ അങ്ങ് ഇപ്രകാരം ചെയ്യുന്നില്ലല്ലൊ." ഇതിനു മറുപടിയായി ഈശോ അരുളിച്ചെയ്തതാവിതു്: "ഇതിൻെറ കാരണം, അക്കാലത്തു് മനുഷ്യർ താന്താങ്ങളിൽ നന്നാ കുറച്ചും എന്നിൽ അധികമായും ആശ്രയിച്ചിരുന്നു. ഇപ്പോഴാകട്ടെ, മനുഷ്യർ തങ്ങളുടെ ശക്തിയിൽ അതിരു കവിഞ്ഞു ആശ്രയിച്ചുകൊണ്ടു തന്നിഷ്ടംപോലെ പ്രവത്തിക്കുന്നു."

ഈശോയുടെയും പരി. കന്യകയുടേയും ജീവിതം യഥാത്ഥഭക്തിക്കു ഉത്തമ ദൃഷ്ടാന്തങ്ങളത്രെ. "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി; ഞാൻ ചെയ്യുവാനായി നീ എനിക്കു തന്ന വേല ഞാൻ പൂത്തിയാക്കി" (വി. യോഹ. ൧൭ : ൪.) എന്നാണ് ഈശോയ്ക്കു് തൻെറ ഈ ലോകജീവിതാവസാനവേളയിൽ സ്വഗ്ഗസ്ഥനായ പിതാവിനോടു പറയാനുണ്ടായിരുന്നതു്. ഒരു യഥാത്ഥഭക്തനും തൻെറ ജീവിതത്തിൻെറ സായംകാലത്തിൽ ഇപ്രകാരം നിത്യപിതാവിനോടു പറവാൻ സാധിക്കും. ദിവ്യരക്ഷകനെപ്പോലെ കുരിശും വഹിച്ചുകൊണ്ടു പരമ കഷ്ടങ്ങൾ സഹിപ്പാൻ നാം ഉദ്യുക്തരാകണമെന്നില്ല. നാം ഓരോരുത്തരെ സംബന്ധിച്ചും ദൈവത്തിനു ഓരോ ഉദ്ദേശ്യം അഥവാ താൽപര്യം ഉണ്ടു്. ഈ താൽപര്യമെന്തെന്നറിഞ്ഞു തദനുസരണം നാം പ്രവത്തിച്ചാൽ മതി. പരി. കന്യകാമറിയത്തെ നോക്കുക. ദൈവാഭീഷ്ടമെന്തെന്നു മാലാഖ മാതാവിനോടു അറിയിച്ചപ്പോൾ അവൾ നൽകിയ മറുപടി എന്താണ്? "കത്താവിൻെറ അടിയാട്ടിയെ കണ്ടാലും. അങ്ങെ തിരുവചനം പോലെ എനിക്കു സംഭവിക്കട്ടെ." "ഇവിടെയത്രെ യഥാത്ഥഭക്തി വിളങ്ങുന്നതു്. മാതാവിൻെറ എളിമയുടെ ആഴം എമ്മാത്രം." അവൾ സ്വയം താഴ്ത്തി. അപ്പോൾ ദൈവം അവളെ സകല സൃഷ്ടിയേക്കാൾ ഉയത്തി. "എൻെറ ആത്മാവു് ദിവ്യനാഥനെ വാഴ്ത്തുന്നു....എന്തുകൊണ്ടെന്നാൽ അവിടുന്നു തൻെറ ദാസിയുടെ താഴ്മയെ ആദരിച്ചിരിക്കുന്നു" എന്നത്രെ അവളുടെ ഹൃദയത്തിൽ നിന്നു് പൊട്ടിപ്പുറപ്പെട്ട സ്തോത്രഗീതം.

ഭക്തിയുടെ അവശ്യാവശ്യമായ ഒരു ഘടകമത്രെ എളിമ. എളിമയാകുന്ന അടിത്തറയിൽ പണിതു കയറിയെങ്കിൽ മാത്രമേ ഭക്തിസ്തൂപിക നിലനില്ക്കുകയുള്ളു. അല്ലാത്തപക്ഷം മണൽത്തിട്ടയിൽ പണിഞ്ഞ ഗോപുരംപോലെ കലാശിക്കും. വി. ആഗുസ്തീനോസിന്റെ വാക്കുകൾ ഇവിടെ പ്രസ്താവയോഗ്യമത്രെ. "ഒരു കെട്ടിടത്തിന്റെ ബലം അതിന്റെ അടിത്തറയെ ആശ്രയിച്ചിരിക്കുന്നു. കെട്ടിടത്തിന്റെ ഉയരമനുസരിച്ച് അതിന്റെ അടിത്തറയുടെ താഴ്ചയും കൂടുന്നു. ഇതുപോലെതന്നെ പുണ്യസൗധത്തിന്റെ അസ്തിഭാരം എളിമയത്രെ. പുണ്യത്തിന്റെ ഏററക്കുറച്ചൽപോലെ ഇരിക്കും താഴ്മയുടെ ആഴവും."

ഭക്തി എന്നതു് ബുദ്ധിയുടേയും മനസ്സിന്റേയും ഒരു ഭാവമാണ്. അറിവു ഭക്തിക്കു സാഹായ്യകവും അജ്ഞത അതിനു തടസ്സവുമത്രെ. മതാത്മകമായ കാര്യങ്ങളിൽ അറിവില്ലാത്തവനു യഥാത്ഥഭക്തി ഉണ്ടാവാൻ എളുപ്പമല്ല. ഇതുകൊണ്ടല്ലയോ നാം "ഈശോയുടെ തിരുഹൃദയമേ, നിന്നെ അധികമധികം അറിവാനും സ്നേഹിപ്പാനും സേവിപ്പാനും ഞങ്ങളെ സഹായിക്കണമേ" എന്നു പ്രാത്ഥിക്കുന്നതു്. അറിവുമൂലം സ്നേഹവും സ്നേഹം നിമിത്തം സേവനവും ഉണ്ടാകുന്നു.

ഇപ്രകാരമുള്ള ഭക്തി ഏവക്കും അഭ്യസിക്കാവുന്ന ഒന്നുതന്നെ. ഏതൊരു ജീവിതാവസ്ഥയിലുള്ളവക്കും ഭക്ത്യഭ്യാസം ചെയ്യാം. ഇതിനെ സ്ഥിരീകരിക്കുന്നതിനു ഉദാഹരണങ്ങൾ സുലഭങ്ങളാണ്. ഇസിദോർ, സീത്താ, ക്രിസ്പിൻ, മോനിക്കാ, മൌരീസ്, ലൂയീസ് എന്നിവർ യഥാക്രമം കൃഷിത്തൊഴിലിലും, ദാസ്യവൃത്തിയിലും, വാണിജ്യവൃത്തിയിലും, ഗൃഹജീവിതത്തിലും, യുദ്ധക്കളത്തിലും, അരമനയിലും വച്ചു് ജീവിതായോധനം നടത്തി ഭക്തശിഖാമണികളായി പരിലസിക്കുന്നവർ അല്ലയോ ?

"ഭക്ത്യഭ്യാസവുംകൊണ്ടു നടന്നാൽ കാലയാപനത്തിനു വിഘാതമുണ്ടാകും" എന്നു ചിലർ ജല്പിക്കാറുണ്ടു്. ഈ കൂട്ടർക്കു പ്രമാദം പിണയുന്നു. ഭക്തി യാതൊരു ജീവനമാർഗ്ഗത്തിനും ബാധകമല്ല പ്രത്യുത, സാധകമത്രെ. പുഷ്പങ്ങൾക്കു യാതൊരു മോശ

ശ്യം വരുത്താതെ, തേനീച്ചകൾ അവയിലെ മധു നുകരുന്നതു പോലെ ഭക്തിയും ഉപജീവനമാൎഗ്ഗത്തിനു ഒരു വിഘ്നവും വിശേഷിച്ചു വരുത്തിക്കൂട്ടുന്നില്ല. നേരേമറിച്ചു വിലയേറിയ രത്നങ്ങൾ തേനിൽ ഇട്ടാൽ എപ്രകാരം അവയ്ക്കു നിറവും ശോഭയും ക്രട്ടുമോ അപ്രകാരംതന്നെ ജീവിതാവസ്ഥയെ ഭക്ത്യാസവംകൊണ്ടു സേചനംചെയ്താൽ അതിനു ഒരു ഔൽകൃഷ്ട്യം താനേ വന്നുകൊള്ളും. ഭക്തിയുള്ള കുടുംബത്തിൽ സമാധാനവും ഐശ്വൎയ്യവും കുടികൊള്ളുന്നില്ലയോ ? "ദൈവസ്നേഹികളുടെ സകല കാൎയ്യങ്ങളും ശുഭമായി പൎയ്യവസാനിക്കും." (റോമ. ൮ : ൨൮.)

## ഇരുപത്തഞ്ചാം വത്സരം പ്രമാണിച്ച്.

ബുദ്ധിവെച്ച ചെറിയ കുട്ടികൾക്കെല്ലാം ദിവ്യകാരുണ്യസ്വീകരണം അനുവദിച്ചുകൊണ്ടു പുണ്യശ്ലോകനായ പത്താം പീയൂസു മാൎപ്പാപ്പാ തിരുമേനി പ്രസിദ്ധപ്പെടുത്തിയ Quam Singulare എന്ന തിരുവെഴുത്തിൻെറ ഇരുപത്തഞ്ചാം വത്സരപൂൎത്തി ഈ ആഗസ്റ്റ് ൮-ാംനു-യാണല്ലൊ. പ്രസ്തുത ശ്ലൈഹിക ലേഖനം മൂലം തിരുസ്സഭയ്ക്കു സിദ്ധിച്ചിട്ടുള്ള നന്മകൾ എത്ര നിരവധിയാണെന്നു ഇതിനകം എല്ലാവൎക്കും അനുഭവബോദ്ധ്യമായിട്ടുണ്ട്. അതിനാൽ അതിൻെറ രജതജൂബിലിയവസരം യഥായോഗ്യം അനുസ്മരിക്കേണ്ടതാണെന്നു ക്രൂദാശകളുടെ തിരുസ്സംഘം നിശ്ചയിച്ചിരിക്കുന്നു. അതിലേക്കു ആഗസ്റ്റ് ൧൫-ാംനു-, ദൈവജനനിയുടെ സ്വൎഗ്ഗപ്രാപ്തിദിനത്തിൽ, ലോകമാസകലം ചെറിയ കുട്ടികളുടെ ഒരു പൊതു ദിവ്യകാരുണ്യസ്വീകരണം ആഘോഷപൂൎവ്വം നടത്തേണ്ടതാണെന്നു പ്രസ്തുത തിരുസംഘം ആജ്ഞാപിച്ചിരിക്കുന്നു.

---

ഇപ്പോൾ ഇന്ത്യയിൽ ൨൨ കത്തോലിക്കകോളേജുകളിലായി ൧൩,൨൯൧ വിദ്യാൎത്ഥികളും, ൩൮ പ്രോട്ടസ്റ്റാണ്ടു കോളേജുകളിലായി ൧൩,൦൭൭ വിദ്യാൎത്ഥികളും അദ്ധ്യയനംചെയ്തുവരുന്നുണ്ട്.

# ഒരു സാധുവിന്റെ പ്രാർത്ഥന. *

(ഒരു പള്ളിയിൽ വി കുർബ്ബാനയുടെ സന്നിധിയിൽ ഏകാകിയായ ഒരു മനുഷ്യൻ പ്രണമിക്കുന്നതും, ചില ഹൃദയവികാരങ്ങൾ ലോകൈക നാഥനായ ദിവ്യ കാരുണ്യ ഈശോയോടു തുറന്നു പറയുന്നതും.)

ദൈവമെ!. കർത്താവെ!..ഞാൻ നിർഭാഗ്യവാൻ. മുൻഗതിക്ക് യാതൊരു ശരണവും കാണുന്നില്ല. കഷ്ടതകൾ എന്നെ വല്ലാതെ വലയുന്നു. ഇനിയും ഞാൻ ജീവിക്കുന്നതെങ്ങിനെ. സർവ്വത്തിന്റെയും നാഥാ! അങ്ങയോടു എന്റെ ഹൃദയം ഞാൻ തുറന്നു പറയട്ടെ. അങ്ങു മാത്രം ഇനിക്കു സഹായം. എന്റെ ശരണം. അങ്ങ് എന്നെ കൈവെടിയല്ലെ മൂന്നു മാസംവരെയും ഞാൻ ധനികനായിരുന്നു. പ്രഭുവായിരുന്നു. യജമാനനായിരുന്നു. ഇപ്പോളിതാ ഒരു ഓറക്കാശുപോലും കൈയ്യിലില്ലാതെ ആയി. എന്നെക്കാൾ ദരിദ്രന്മാർ ഈ നാട്ടിൽ ഇനിയും ഉണ്ടോ? എന്റെ കാര്യം പോകട്ടെ. എന്റെ പ്രിയതമയുടെയും, ആ പത്തു പിഞ്ചു കുഞ്ഞുങ്ങളുടെയും സ്ഥിതി ഞാൻ എങ്ങിനെ ഓർമ്മിക്കുന്നു. (കണ്ണുനീരു ധാരയായി പ്രവഹിക്കുന്നു. ഗൽഗദസ്വരം കേൾക്കാറാകുന്നു.) അവർക്കു വഴിയാധാരമായല്ലോ കർത്താവേ! ഇനിയും എന്തു ചെയ്യുവാനാണ്? എവിടെ പോകുവാനാണ്? മനുഷ്യരുടെ മുഖത്തു് ഞാൻ എങ്ങിനെ നോക്കും? ഇതുവരെയും രാജ അരമനയിൽ രാജകുമാരന്മാരെപ്പോലെ വളർന്നുവന്ന എന്റെ ഓമനക്കുഞ്ഞുങ്ങൾ..എന്റെ പ്രാണപ്രിയ.. അവരുടെ കണ്ണുനീരു അവരുടെ വസ്ത്രധാരണം പോകട്ടെ, വിശേഷ പലഹാരങ്ങളും വേണ്ട. റിക്ഷാവണ്ടിയും, മോട്ടോർകാറും വേണ്ടാ. 'വയറുപശിക്കുന്നു' എന്നു അവർ പറയുമ്പോൾ കർത്താവേ,..അതു ഞാൻ എങ്ങിനെ കേൾക്കും? അവർ വിശപ്പെന്താണെന്ന് ഇതുവരെ അറിഞ്ഞിട്ടില്ലല്ലോ. കർത്താവേ, രക്ഷിക്കുക.. വസ്തുലേലം നാളെ തന്നെ.."കിടപ്പിടം" കൂടെയും പോകുമല്ലോ. എന്നാൽ ഞാൻ ഒരു കാശുപോലും ദുർവ്യയം ചെയ്തിട്ടില്ല. അന്യരെ, പ്രത്യേകിച്ചു സാധുക്കളെ സഹായിക്കുക മാത്രമെ ചെയ്തിട്ടുള്ളു. ഈ വിപത്തു ഇനിക്കു എങ്ങിനെ വന്നു വശായി. ഞാൻ ഇത്ര ദുർഭഗനായതെങ്ങിനെ?

* കരുണകരണം.

ഓ! എനിക്കു ചിന്തിക്കുവാൻ വഹിയാ. കർത്താവേ!.. കർത്താവേ!.. ദൈവമേ.. (മൌനം.)

പരമ ഭക്തയായ എന്റെ പ്രേയസി, മോക്ഷത്തിലെ ധനം മാത്രമേ നമുക്കു കരുതേണ്ടതുള്ളുവെന്നും, ഐഹികമെല്ലാം ക്ഷണഭംഗുരമാണെന്നും പലപ്പോഴും എന്നോട് പറഞ്ഞിരുന്നു. അവിടെ നാം ധനവാന്മാരായിരിക്കുന്നതിനായി ഇപ്പോഴേ പരിശ്രമിക്കണമെന്നും എന്നെ ഉപദേശിച്ചിരുന്നു. അവൾ അവളുടെ 'പൊട്ടപ്പാഴ്ത്തം'..ശരിയായിരിക്കും. എന്നാൽ ഇനിയും ഞാൻ എന്തു ചെയ്യും? അവൾ പറയുന്നത് ശരണംകെട്ടിട്ടാവശ്യമില്ല. കർത്താവ് നമ്മെ താങ്ങിക്കൊള്ളുമെന്നാണ്. അവളാണ് കർത്താവേ!.. എന്നെ ഇങ്ങോട്ടു ഇപ്പോൾ പറഞ്ഞയച്ചത്. സംഗതികൾ തുറന്നു അങ്ങേ ഉണർത്തിക്കുവാനും, ആവശ്യമുള്ളതു ചോദിക്കുവാനും അവൾ പറയുന്നു. എന്നാൽ കർത്താവേ! അവൾ നല്ല സ്ത്രീരത്നമാണ്. ഞാനാകട്ടെ, പഞ്ച പാപി. അവളുടെ ഭർത്തൃത്വത്തിന് ഞാൻ യോഗ്യനല്ല. അവൾ എല്ലാദിവസവും പ്രഭാതത്തിൽ പള്ളിയിൽ കുർബ്ബാന കാണും... ദിവ്യകാരുണ്യം സ്വീകരിക്കും... കൊന്തനമസ്കാരം മുടക്കുകയില്ല. എന്റെ ഭക്തിക്കുറവിനെക്കുറിച്ച് ചിലപ്പോഴൊക്കെ എന്നെ നിഷ്ഠുരണം ശകാരിക്കുമെന്നുമാത്രം. അതിനിക്കു കിട്ടേണ്ടതുമാണ്. അതേ ഇപ്പോഴത്തെ എന്റെ ദുരിതം എന്റെ പാപങ്ങളുടെ ശിക്ഷയാണു.. (മൌനം)

ശരിയാണ് കർത്താവേ! എന്നാൽ പൊറുക്കണമേ അനുഗ്രഹിക്കണമേ. ഇതുവരെയും ഞാൻ ഒരു ഉത്തമ കത്തോലിക്കനായി ജീവിച്ചിട്ടില്ല. എന്നാൽ ഇനിയും അതിന് ഞാൻ പരിഹാരം ചെയ്യുന്നുണ്ട്. നിന്നെ ഞാൻ ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ട്. നിന്റെ ശുശ്രൂഷക്കായി ഞാൻ ഒന്നും ചെയ്യാതിരുന്നിട്ടില്ല. ഞങ്ങളുടെ പുത്തൻപള്ളി പണിയുന്നതിനു ആയിരം രൂപ ഞാൻ സംഭാവന ചെയ്തല്ലോ. സാധുക്കളേയും ഞാൻ കഴിയുന്നത്ര സഹായിച്ചിട്ടുണ്ട്.

എന്നാലും കർത്താവേ! ഈ പരിതസ്ഥിതികളിൽ ഞാൻ

എങ്ങിനെ മുന്നോട്ടു പോകും? എൻെറ കുടുംബത്തിൻെറ കാലക്ഷേപം എങ്ങിനെ കഴിയും? പക്ഷെ, ധൈൎയ്യവതിയായ എൻെറ പ്രാണേശ്വരിക്കു യാതൊരു ക്ലേശവുമില്ല. എൻെറ നിൎബ്ബന്ധം കൊണ്ടാണെങ്കിലും, സുഗന്ധ ദ്രവ്യങ്ങൾകൊണ്ടു അഭിഷേചിച്ചു ചീകി മിനിക്കിയിരുന്ന അവളുടെ കേശഭാരം, മോടിപിടിച്ച വസ്ത്രധാരണം ഇനിയും എങ്ങിനെ കഴിയും. സാധുക്കൾക്കുള്ളവ കൂടെ കൊടുക്കുന്നതിന് ഇനിക്കു ഗതിയില്ലല്ലോ. പക്ഷെ ആ സാദ്ധ്വി അതൊന്നും ആഗ്രഹിക്കുന്നില്ല. ഭ്രമമില്ല. എന്നിരുന്നാലും, ഞാൻ..ഞങ്ങളുടെ കടിഞ്ഞൂൽ പുത്രനായ ഔസേപ്പച്ചന് ഈയ്യാണ്ടിൽ കോളേജിൽ പോകണമെന്ന് നിൎബ്ബന്ധം. എനിക്കു വലിയ വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും അവന് കാലാനുസൃതമായ വിദ്യാഭ്യാസം നൽകണമെന്നായിരുന്നു എൻെറ അഭിവാഞ്ഛ! പക്ഷെ ഇനിയും എന്തു ചെയ്യാനാണ്. എൻെറ ഔസേപ്പച്ചാ! മകനെ! നിൻെറ കണ്ണുനീരു ഞാൻ എങ്ങിനെ കാണും? (അശ്രുധാര) കൎത്താവേ.. എൻെറ മറിയാമ്മക്കു മഠത്തിൽ ചേരണം. അവളുടെ അമ്മ മുലപ്പാലോടുകൂടി പറഞ്ഞു പഠിപ്പിച്ച പാഠമാണ് അതു്. എനിക്കു വിരോധമില്ല. അവൾ അങ്ങിനെ ആഗ്രഹിക്കുന്നെങ്കിൽ അതു നല്ലതുതന്നെ. അവൾ അവളുടെ വരനോടുകൂടി ജീവിക്കുന്നതു കാണ്മാനായിരുന്നു എൻെറ ആഗ്രഹം. പക്ഷെ അതിനും കാത്തുഭവണം. മറിയാമ്മേ .. മകളെ... ഓമനെ... നിനക്കു നിൻെറ തരപ്പടിക്കാരുടെതുപോലുള്ള വസ്ത്രാഭരണങ്ങൾ ഇനിയും ഞാൻ തരുന്നതെങ്ങിനെ... എൻെറ മററു ഓമനക്കുഞ്ഞുങ്ങളെപ്പററി ഞാൻ എങ്ങനെ ചിന്തിക്കും.. എൻെറ ശരീരം തളരുന്നു... കരുണാ... കൎത്താവേ! ...

കാലക്ഷേപത്തിനു മാൎഗ്ഗം. . ഇനിക്കു വയസ്സായല്ലോ... അവളും... കൃഷിവേല .. വല്ലവക്കും... അതിനു ശക്തി വേണമല്ലോ.. എന്നാൽ കൎത്താവേ!... ഇതുവരെയും മഴയും വെയിലും കൊണ്ടിട്ടില്ലാത്ത ശരീരങ്ങൾ... ഓ! അവളുടെ മുഖം... കൎത്താവേ! എൻെറ ദൈവമെ, അങ്ങു തന്നെ ഇനിക്കു ആശ്വാസം... എല്ലാം അങ്ങേ തിരുഹൃദയത്തിൽ ഞാൻ സമൎപ്പിക്കുന്നു. അങ്ങുന്നു ഞ

ങ്ങളുടെ നാഥനാണല്ലൊ... എന്നെയും എൻെറ കുടുംബത്തെയും മുഴുവനായി, നിഷ്കളങ്കമായി അങ്ങേക്കു ഞാൻ പ്രതിഷ്ഠിക്കുന്നു. അവിടുന്നു ഞങ്ങളെ ഭരിക്കുക. ഞങ്ങൾക്കു യാതൊന്നും പോരാതെ വരികയില്ല. ഞാൻ അങ്ങെ സ്നേഹിക്കും. എൻെറ പ്രാണപ്രിയയും കുഞ്ഞുങ്ങളും അങ്ങെ സ്നേഹിക്കുന്നുണ്ടു. ഹാ! ഈ വിചാരം എന്നെ ആശ്വസിപ്പിക്കുന്നു കൂടുതലായി ഇനിക്കൊന്നും പറയുന്നതിനില്ല. അങ്ങേക്കു സവ്വതും അറിയാം. അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. സവ്വതും അങ്ങിൽനിന്നു പ്രതീക്ഷിക്കുന്നു. ഞാൻ അങ്ങേ സ്നേഹിക്കുന്നു.

ഞങ്ങളുടെ പള്ളിയിലെ കൊച്ചച്ചൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞ ഹൃദയസ്പൎശകമായ പ്രസംഗത്തിൽ, ദൈവരാജ്യത്തേയും അങ്ങെ നീതിയേയും ആദ്യമായി അന്വേഷിച്ചാൽ മററുള്ളവയെല്ലാം, ഭക്ഷണവും വസ്ത്രവും നിങ്ങൾക്കു നൽകപ്പെടും എന്നു പറഞ്ഞു. എൻെറ പ്രിയതമയും കൂടെക്കൂടെ ഈ സംഗതി എന്നോടു ഉരുവിട്ടിട്ടുള്ളതാണ്. നമ്മുടെ ആത്മാവു കത്താവിൻെറ സ്നേഹത്തിൽ, ഇഷ്ടപ്രസാദത്തിൽ നിലനില്ക്കുന്നിടത്തോളംകാലം ഐഹിക നാശങ്ങളെപ്പററി കഥവക്കുവാനില്ല. ഐഹിക കഷ്ടതകളുടെ പാരമ്യത്തിൽ ഐഹിക വസ്തുക്കൾ നഷ്ടമായേക്കും. എന്നാൽ അതുകൊണ്ടു സനാതനമായ ഭാഗ്യം, നിത്യമായ നമ്മുടെ ഭവനം നഷ്ടമാകുകയില്ല. എല്ലാംപോട്ടെ. എൻെറ നഷ്ടപ്പെട്ട ധനമെല്ലാം മരണസമയത്തു ഞാൻ അവശ്യം ഉപേക്ഷിക്കേണ്ടവയാണല്ലൊ. ആയതിനാൽ കത്താവേ! ഇനിയും ഞാൻ ക്ലേശിക്കുന്നില്ല. എൻെറ ആത്മാവിൽ സന്തോഷം കുടികൊള്ളുന്നു. അവിടുന്നു എന്നെ ധാരാളമായി അനുഗ്രഹിക്കുക. ഞാൻ അങ്ങെ സ്നേഹിക്കട്ടെ. ഞാൻ സാക്ഷാൽ സമ്പന്നനായി. അവിടുന്നു എന്നെയും എൻെറ കുടുംബത്തെയും ആശീവ്വദിച്ചാലും.

ഹാ! കത്താവേ! ഞാൻ നിൻെറ സന്നിധിയിൽ അണഞ്ഞയുടനെ ഇനിക്കുണ്ടായിരുന്ന മനസ്ഥിതിയല്ല ഇപ്പോളുള്ളതു്. അങ്ങെയോടുള്ള സംസാരം എന്നെ സമാധാനചിത്തനാക്കിത്തീക്കുന്നു. ഈ അഭിമുഖ സംഭാഷണം ദീഘിപ്പിക്കുന്നതിനു ഞാൻ ആ

ഗ്രഹിക്കുന്നു. ഹാ! ഇതുനാളും ഞാൻ അങ്ങെ സമീപിച്ചു എ
ൻെറ ഹൃദയം തുറന്നിട്ടില്ലല്ലോ ഞാൻ പാപി.. കത്താവേ! അ
നുഗ്രഹിക്കുക, ക്ഷമിക്കുക (കരയുന്നു).. അങ്ങെ സ്നേഹത്തിൽ
എന്നെ ഭദ്രമാക്കുക. എന്നാൽ ഇനിക്കു ഭാഗ്യം. എൻെറ ഈ ക
ഷ്ടതകൾ അങ്ങേക്കു ഞാൻ സമപ്പിക്കുന്നു. അവ സന്തോഷപൂ
ൎവ്വം എൻെറ കൃതഘ്നതയുടെ പരിഹരണാൎത്ഥം സഹിക്കുന്നതി
നു എന്നെ സഹായിച്ചാലും. എൻെറ പ്രേമഭാജനത്തിൻെറ സ
ന്തോഷത്തിൻെറ കാരണം ഇനിക്കു മനസ്സിലായിവരുന്നു. അവ
ളെ ഞാൻ അനുകരിക്കുന്നുണ്ട്. കത്താവേ! ഇനിക്കുള്ളതുപോലെ
മാനുഷികവും മൃദുലവുമായ ഒരു ഹൃദയം അങ്ങേക്കുണ്ട്. അതു ഇ
നിക്കു കേവലം അഗ്രാഹ്യമായിട്ടുള്ള ദുഃഖസാഗരത്തിൽ നിമഗ്ന
മായിട്ടുണ്ട്. ഞാൻ സഹിക്കുന്നതിലധികം, ആയിരം മടങ്ങു അ
ധികം അങ്ങ് ഇനിക്കുവേണ്ടി സഹിച്ചു. എൻെറ സഹനം സാ
രമില്ല.

ആയതിനാൽ എൻെറ ദൈവമേ! കത്താവേ! കഴിഞ്ഞ
വയെല്ലാം അവിടുന്നു കരുണാപൂൎവ്വം വിസ്മരിച്ചാലും. മേലിൽ
അങ്ങെ ഞാൻ സൎവ്വാത്മനാ സ്നേഹിക്കുന്നുണ്ട്. എൻെറ സ്നേ
ഹം ദിവസംപ്രതിയുള്ള ദിവ്യപൂജ കാണൽ, ദിവ്യകാരുണ്യസ്വീ
കരണം ഇവ വഴിയായി ഞാൻ പ്രത്യക്ഷമാക്കും. എൻെറ കുഞ്ഞു
ങ്ങളും അങ്ങിനെ ചെയ്യുന്നതാണ്. എൻെറ മറിയാമ്മ കഴിയു
ന്നതുംവേഗം മഠത്തിൽ ചേരുന്നതിനുള്ള മാൎഗ്ഗം അവൾക്കു നീ
കാണിച്ചുകൊടുക്കുക. എന്നാൽ ഞാൻ ഭാഗ്യവാനായി. കത്താ
വേ, നിന്നെ ഞാൻ സ്നേഹിക്കുന്നു എൻെറ കാൎയ്യങ്ങളെ നിനക്കു
ഞാൻ ഭരമേല്പിക്കുന്നു. എൻെറ കുടുംബത്തെ നിനക്കു പ്രതിഷ്ഠി
ക്കുന്നു. നീ ഞങ്ങളുടെ ഹൃദയങ്ങളുടെ കേന്ദ്രവും രാജാവുമായി
വാണാലും! കത്താവേ! ഞങ്ങളെ അനുഗ്രഹിക്കുക. ദൈവമേ, എ
ല്ലാവരും നിന്നെ അറിയട്ടെ.. സ്നേഹിക്കട്ടെ. ഈശോയെ..
യാത്ര..

— പി. എഫ്.

—ഃഃഃ—

# നിങ്ങളുടെ കുടുംബം.

(റവ. ഫാദർ സെറാഫിൻ, ബെനഡിക്ററ്.)

## VII.

### സ്ത്രീയ്ക്കു കുടുംബത്തിലുള്ള സ്ഥാനവും ഉദ്യോഗവും.

പുരുഷനാണു് കുടുംബനാഥൻ; എങ്കിലും കുടുംബത്തിന്റെ സൂക്ഷ്മം സ്ത്രീയിലാണു് ഭരമേല്പിക്കപ്പെടുന്നതു്. എന്നാൽ അവർ അവിടെ നിർവ്വഹിക്കേണ്ട കൃത്യങ്ങൾ ഏവയെന്നു സുവിശേഷം തന്നെ പ്രസ്പഷ്ടം പ്രസ്താവിക്കുന്നുണ്ടു്. അതിൽ മാതൃകയായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നതു് ദൈവസുതന്റെ മഹാമാതാവായ മറിയംതന്നെയുമാണു് താനും. കുടുംബത്തിൽവച്ചുള്ള സമാധാനപരമായ പ്രാർത്ഥനാമദ്ധ്യേയായിരുന്നു മറിയത്തിനു മനുഷ്യരുടെ പരിരക്ഷണം സംബന്ധിച്ചുള്ള സന്ദേശം ലഭിച്ചതു്. അവിടെവച്ചുതന്നെയായിരുന്നു ദൈവമാതൃത്വം എന്ന ഉന്നതസ്ഥാനവും, അതോടൊന്നിച്ചു തന്റെ ഗൃഹത്തേയും ഗൃഹങ്ങൾ വഴിയായി സമുദായത്തേയും വിശുദ്ധീകരിക്കുന്നതിനുള്ള ചുമതലയും കൈവന്നതു്. മറിയമാണു് സ്ത്രീകൾക്കു തങ്ങളുടെ ഉദ്യോഗത്തെ സംബന്ധിച്ചു പ്രബോധനം നൽകുവാനായി ദൈവത്താൽ ദത്തയായവൾ. നസറേത്തിലെ ആ വിനീത ഭവനത്തിൽ വച്ചായിരുന്നു അവൾ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും തഴച്ചു വളർന്നതു്. ആ സ്നേഹം അവളുടെ കുടുംബത്തെ മാത്രമല്ല, മറ്റു നിരവധി കുടുംബങ്ങളേയും വിശുദ്ധീകരിക്കുന്നതിനു പര്യാപ്തമാകത്തക്കവണ്ണം അത്രയ്ക്കു തീവ്രമായിരുന്നു. മറിയം സ്വഗൃഹം വിട്ടിട്ടു എലിസബത്തിനെ സന്ദർശിക്കുവാനും അവളോടു അനുഭാവം പ്രദർശിപ്പിക്കുവാനുമായി അവളുടെ ഗൃഹത്തിലേയ്ക്കു പോകുന്നു. വിവാഹവിരുന്നു നടത്തപ്പെട്ട കാനായിലെ ഒരു ഗൃഹത്തിൽ അവൾ സന്നിഹിതയാകുന്നു; തന്റെ തിരുസുതനോടു ആ വീട്ടുകാർക്കുവേണ്ടി മാദ്ധ്യസ്ഥം പറയുവാനും അവരുടെ സൗഭാഗ്യത്തെ വർദ്ധിപ്പിക്കുവാനുമായി പോകുന്നു; മറിയം അവിടെ സന്നിഹിതയായിരിക്കുമ്പോൾ ധാരാളമായ ഉപവിയും, വിനയവും, ധൈര്യവും, എന്നുവേണ്ട എല്ലാ പുണ്യകുസുമങ്ങളുടെയും

സൗരഭ്യം അവിടെയുണ്ട്.

സുവിശേഷഗ്രന്ഥം സവിശേഷം പാരായണം ചെയ്യുന്നവക്കെല്ലാം സ്ത്രീയുടെ മഹനീയമായ മാഹാത്മ്യം-മാതൃത്വം-സുവ്യക്തമാകുന്നതാണ്. ആ വിനീതകുടുംബത്തിലെ-നസറേത്തിലെ-മഹനീയ മാതാവിനെയാണ് ദേശഭേദമെന്യെ അന്നുമുതൽ ഇന്നോളം അഖില മനുഷ്യരും പുണ്യപരിപൂർണ്ണതയുടെ ഉത്തമമാതൃകയായി സ്വീകരിച്ചിട്ടുള്ളത്.

## VIII. മറിയത്തിന്റെ മാതൃത്വം സഹനത്തിന്റെയും സ്വയം പരിത്യാഗത്തിന്റെയും മാതൃത്വമാകുന്നു.

മറിയത്തിന്റെ മാതൃത്വം, ഈ അമ്മതന്നെ തന്റെ Magnificat എന്ന സ്തോത്രഗീതത്തിൽ പറയുന്നതുപോലെ സന്തോഷഭരിതമായ ഒരു മാതൃത്വമായിരുന്നു. എന്നാൽ അതേസമയംതന്നെ അതു സഹനത്തിന്റെയും സ്വയം പരിത്യാഗപരമകാഷ്ഠയുടെയും മാതൃത്വംകൂടി ആയിരുന്നുവെന്നു പറയാതെ ഗത്യന്തരമില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യവർഗ്ഗത്തിനു സാമാന്യമായി ലഭിച്ചിട്ടുള്ള ദുഃഖങ്ങളും ക്ലേശങ്ങളും സസന്തോഷം സഹിക്കേണ്ടതാകുന്നുവെന്നത്രെ ഈ അമ്മ നമ്മെ പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ ആ മഹാമാതാവു, മററു ഭക്തസ്ത്രീകളോടൊന്നിച്ചു തന്റെ തിരുസുതനെ കാൽവറിയിലേയ്ക്കു അനുഗമിച്ചു; അവസാനനിമിഷംവരെ അവർ തങ്ങളുടെ ബാഷ്പകണങ്ങളെ ധാരികധാരികയായി പ്രവഹിപ്പിച്ചുകൊണ്ടു അദ്ദേഹത്തിന്റെനേക്കുള്ള അനുകമ്പയേയും സാന്ത്വനത്തെയും പ്രകടമായി പ്രകാശിപ്പിച്ചു. അതേ, കത്തോലിക്കമാതാക്കളേ, വി. ലൂക്കാസ് പ്രസ്താവിയ്ക്കുംവണ്ണം (൮, ൨-൩) നമ്മുടെ ദിവ്യരക്ഷകന്റെ ഐഹികജീവിതകാലത്തു് അദ്ദേഹത്തെ അനുഗമിക്കയും അനുകരിക്കയും ചെയ്തിരുന്നവരിൽ ഏതാൻപേർ സ്ത്രീകൾ-ഭക്തസ്ത്രീകൾ-ആയിരുന്നു. (അവരുടെ പേരുകളും അദ്ദേഹം രേഖപ്പെടുത്തി കാണുന്നുണ്ട്.) അവരുടെ മാതൃകാപരമായ ജീവിതത്തിൽനിന്നു നിങ്ങളുടെ കത്തവ്യമെന്തെന്നു നിങ്ങൾക്കു മനസ്സി

ആഗസ്റ്റ് മാസത്തെ

# പൊതുനിയോഗം.

**രോഗികളുടെയും കുരുടന്മാരുടെയും പ്രാർത്ഥനയുടെ അപ്പസ്തോലത്വം.**

രോഗികളും കുരുടന്മാരുമായി നമ്മുടെ ഇടയിൽ അസംഖ്യം ജനങ്ങളുണ്ട്. അവക്കു പ്രവൃത്തിപരമായ വേദപ്രചാരജോലികളിലും മററും പങ്കുകൊള്ളുന്നതിനു പ്രായേണ അസാദ്ധ്യമാണ്. അവർ സഹിക്കുന്ന കഷ്ടാരിഷ്ടതകളും സങ്കടങ്ങളും അനവധിയാകുന്നു. ഇതെല്ലാം ക്ഷമയോടുകൂടെ അവർ അനുഭവിക്കയാണെങ്കിൽ അതുതന്നെ ഒരു വലിയ വേദപ്രചരണജോലിയായിത്തീരുന്നതായിരിക്കും. ഇതുകൂടാതെ ദൈവരാജ്യം വിസ്തൃതമാകുന്നതിനുവേണ്ടി പലക്കും യഥാശക്തി പ്രാർത്ഥിക്കുകയും ചെയ്യാവുന്നതാണ്. അതുകൊണ്ടു രോഗികളും മററും ഈ വിധത്തിൽ പ്രാർത്ഥനയുടെ അപ്പസ്തോലത്വത്തിൽ ഭാഗഭാക്കുകളായിത്തീരുന്നതിനുവേണ്ടി തിരുഹൃദയസഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

---

ലാക്കാമല്ലോ. അതേ, കത്തോലിക്കാമാതാക്കളേ, സമുദായയാനത്തിൻെറ ചുക്കാൻ പിടിച്ചിരിക്കുന്നവരേ, ആ ദിവ്യാതിഥിയെ നിങ്ങളുടെ കുടുംബത്തിൽ പ്രവേശിപ്പിക്കുകയും, നിങ്ങളുടെ സ്നേഹവും വിശ്വാസവും വഴിയായി അദ്ദേഹത്തെ അവിടെ താമസിപ്പിക്കയും, അദ്ദേഹത്തിൻെറ ദാനങ്ങളെ നിങ്ങളിലും നിങ്ങളുടെ കുടുംബത്തിലുള്ള സകല അംഗങ്ങളിലും പ്രവഷിപ്പിക്കയും ചെയ്യേണ്ട ഭാരവും പ്രത്യേകാവകാശവും നിങ്ങളിൽതന്നെയാണ് സ്ഥിതിചെയ്യുന്നതു്.

ദൈവപുത്രൻ നമ്മോടുകൂടെ തൻെറ ഭൗമിക ഗൃഹത്തിൽ വസിക്കയും, അവിടുന്നു വിവാഹബന്ധത്തിനു അതിൻെറ കടമകളെ നിവ്വഹിക്കേണ്ടതിനുള്ള ഒരു പ്രത്യേക ദാനം നൽകുകയും ചെയ്തിരിക്കെ ഗൃഹം സാക്ഷാൽ പുണ്യത്തിൻെറ ഒരു കോട്ടയായിരിക്കേണ്ടതാണ്. അതിൻെറ ഉറപ്പായ അസ്ഥിവാരത്തിന്മേലാണ് സാമുദായികജീവിതത്തിൻെറ അസ്ഥിവാരവും പടുക്കപ്പെടേണ്ടതു്. ഇങ്ങനെ പടുക്കപ്പെട്ടാൽ നാം ഓരോരുത്തരും കാംക്ഷിക്കുന്ന അഭിവൃദ്ധി താമസംവിനാ ഉണ്ടാകയുംചെയ്യും.

---

# കുറിപ്പുകൾ.

വരാപ്പുഴ മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സിലെ പാല്യം സ്ഥാനവസ്ത്രധാരണകർമ്മം മഹോന്നത ദിവ്യശ്രീ മലഗാദ് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് ജൂലൈ ൨൭-ാംനു എറണാകുളം കത്തീഡ്റൽ ദേവാലയത്തിൽവച്ചു ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു. തിരുമനസ്സിലെ സ്ഥാനലബ്ധിയുടെ പരിപൂർത്തിയെ കുറിക്കുന്ന ഈ പാല്യം സ്ഥാനവസ്ത്രധാരണാവസരത്തിൽ ഞങ്ങൾ തിരുമനസ്സിലേക്കു സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

ഷില്ലോംഗിലെ മെത്രാനും മദ്രാസിലെ നിയുക്തമെത്രാപ്പോലീത്തായുമായ ഡോക്ടർ മത്തിയാസു തിരുമനസ്സുകൊണ്ടു ജൂലൈ ൨൦-ാം തീയതി മദ്രാസു മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്കയും അടുത്ത ദിവസം മലഗാദ് അപ്പസ്തോലിക്കയിൽനിന്നു പാല്യം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

കഴിഞ്ഞ പതിനഞ്ചു കൊല്ലത്തോളം കാണ്ടി സെമ്മിനാരിയുടെ റെക്ടറായിരുന്ന ഫാദർ എഫ്. എസ്. ലാഹോയിർ അവർകൾക്കു പകരം അവിടത്തെ പിലോസഫി പ്രൊഫസറായ ഫാദർ ജോൺ അൻകോട്ട് എസ്. ജെ. അവർകൾ ഇപ്പോൾ റെക്ടറായി നിയമിക്കപ്പെട്ടിരിക്കുന്നു.

വി. ബർന്നട്ടീത്തായുടെ നാമത്തിൽ ഫ്രാൻസിൽ നേവേഴ്സ് എന്ന സ്ഥലത്തു് ഒരു ബസ്സിലിക്കാ നിർമ്മിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

ഇററലിയും അബിസ്സീനിയായും തമ്മിൽ ഏറെ താമസിയാതെ ഒരു സമരം നടക്കുന്ന ലക്ഷണം കാണുന്നുണ്ടു്.

റി. സി. കേശവൻ ബി. എ. ബി. എൽ. അവർകൾക്കു ജാമ്യമനുവദിക്കണമെന്നു കാണിച്ചു ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന അപ്പീലും തള്ളിയിരിക്കുന്നു.

നിയമസഭ തെരിഞ്ഞെടുപ്പു കേസു സംബന്ധിച്ചുള്ള കമ്മീഷന്റെ പ്രസിഡണ്ടായി നിയമിച്ചിട്ടുള്ള മി. വി. ഡി. ഔസേപ്പിനു പകരം കൊച്ചി ചീഫ്കോട്ടു പ്യൂണിജഡ്ജിയായി കോയമ്പത്തൂരിൽ അഭിഭാഷകവൃത്തിയിലിരിക്കുന്ന മി. പി. വി. ലോനപ്പൻ ബി. എ. ബി. എൽ.നെ നിയമിച്ചിരിക്കുന്നു.

തിരുവല്ലായിൽ വരയന്നൂർ മുറിയിലുള്ള മൂന്നു ഈഴവകുടുംബക്കാർ ക്രിസ്തുമതത്തിൽ ചേർന്നതായി കാണുന്നു.

സമസ്ത തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ മഹാസഭ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഒരു അടിയന്തിരയോഗത്തിൽ ഗവൺമെന്റിനു മെമ്മോറിയലിന്റെകൂടെ ഒരു മെമ്മോറാണ്ടം സമർപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

അമേരിക്കയിൽ വെള്ളപ്പൊക്കംകൊണ്ടു വലിയ നാശങ്ങൾ സംഭവിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ ഉഷ്ണാധിക്യംനിമിത്തം ചിലർ മരണമടഞ്ഞതായി കാണുന്നു. ജപ്പാനിൽ മഴയുടെ കലശൽകൊണ്ടു ഒരു വലിയ വെള്ളപ്പൊക്കമുണ്ടായി പലർ മരിച്ചിരിക്കുന്നു.

സ്വദേശത്തേക്കു പോയിരുന്ന ജാഫാനിസ് ദന്തവൈദ്യൻ ഡാക്ടർ നിഷിമൂറ മടങ്ങി എത്തിയിരിക്കുന്നു.

കോന്തുരുത്തി പള്ളി ഇടവക കാനാട്ടു പുത്തൻവീട്ടിൽ വർക്കിയുടെ ഭാര്യ കുഞ്ഞന്നം തന്റെ ൨൮-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു ജൂലൈ ൧൨-ാം തീയതി മരണം പ്രാപിച്ചിരിക്കുന്നു. പരേതയുടെ ആത്മവിശ്രാന്തിക്കായി വായനക്കാർ പ്രാർത്ഥിപ്പാറാകണം. R. I. P.

---


# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഘോസ്, എം. ഏ., എഫ്. സി. എസ്സ്.**

ആയുർവേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ. ഔഷധപ്പട്ടിക ആവശ്യക്കാർക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വർണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വർദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീർക്കുന്നു.
ഒരു ത്രപാത്തുക്കത്തിന് ക. ൪

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണു രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.
ഒരുസേറിനു ക. ൯

സുഖരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൬

അബലബാന്ധവയോഗം:- സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആർത്തവ സംബന്ധമായ എല്ലാ രോഗങ്ങൾക്കും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬ ദിനത്തേക്കു സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിനു ക. ൭.

# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.




ഈ കീൎത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി, മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂൎണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ, കുരു, വ്രണം, വീക്കം മുതലായ രക്തദുഷ്ടതയാലുണ്ടാകുന്ന സൎവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വൎണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീൎണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്മ, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പല തരമുള്ള ദീനങ്ങളെയും ഇയർആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളൎച്ച, ശരീരം കഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗുഷ്ഠഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിറപ കരൾ ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**RINGWORM BALM.** ത്വക്രോഗത്തിനു.

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനു പുറമെ ഹോമിയോപ്പതിയും ടിഷ്യുമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co
8 Hampank a,
Mangalor . K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

# പഞ്ചാംഗം.

| ൧൧൧൦-൧ | കക്കടകം - ചിങ്ങം. | | ആഗസ്റ്റ് ൧൯൩൫. | |
|---|---|---|---|---|
| ൧൬ | 1 | വ്യാ. | വി. | മക്കബായക്കാർ. |
| ൧൭ | 2 | വെ. | വി. | അല്ലോൻ. ലിഗോറി. |
| ൧൮ | 3 | ശ. | വി. | ഗമലിയേൽ. |
| ൧൯ | 4 | ഞാ. | ✠ | വി. ദൊമ്മനിക്കോസ്. |
| ൨൦ | 5 | തി. | വി. | ഒസ്വാൾഡ്. |
| ൨൧ | 6 | ചൊ. | | ന. ക. മറുരൂപം. |
| ൨൨ | 7 | ബു | വി. | അൽബെർത്തോസ്. |
| ൨൩ | 8 | വ്യാ. | വി. | കുറിയാക്കോസ്. |
| ൨൪ | 9 | വെ. | വി. | റൊമാനൂസ്. |
| ൨൫ | 10 | ശ. | വി. | ലൗറന്തിയോസ്. |
| ൨൬ | 11 | ഞാ. | ✠ | വി. താബുർസിസ്. |
| ൨൭ | 12 | തി. | വി. | ക്ലാര. |
| ൨൮ | 13 | ചൊ. | വി. | യോഹ. ബക്ക്മാ. |
| ൨൯ | 14 | ബു. | വി. | എവുസേബിയസ്. (ഉ. വി.) |
| ൩൦ | 15 | വ്യാ. | ✠ | ഭാ. ക. മ. സ്വഗ്ഗപ്രാപ്തി. |
| ൩൧ | 16 | വെ. | വി. | റോക്കി. |
| ൧ | 17 | ശ. | വി. | യസ്സീന്തു്. |
| ൨ | 18 | ഞാ. | ✠ | വി. യോആക്കിം. |
| ൩ | 19 | തി. | വി. | ഉർബാൻ. |
| ൪ | 20 | ചൊ. | വി. | ബെർണ്ണാർദ്. |
| ൫ | 21 | ബു. | വി. | യോഹ. ഫ്രാൻസീ. |
| ൬ | 22 | വ്യാ. | വി. | തിമോത്തി. |
| ൭ | 23 | വെ. | വി. | ഫിലിപ്പ് ബനീസി. |
| ൮ | 24 | ശ. | വി. | ബർത്തൽമൈ ശ്ലീ. |
| ൯ | 25 | ഞാ. | ✠ | വി. ലൂയിസ് രാ. |
| ൧൦ | 26 | തി. | വി. | സെഫരീ പാ. |
| ൧൧ | 27 | ചൊ. | വി. | പേമേൻ. |
| ൧൨ | 28 | ബു. | വി. | ആഗുസ്തീനോസ്. |
| ൧൩ | 29 | വ്യാ. | വി. | യോഹ. ശിരഛേ. |
| ൧൪ | 30 | വെ. | വി. | റോസ് ദ്‌ലിമാ. |
| ൧൫ | 31 | ശ. | വി. | റൈമുന്തോസ്. |

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the Little Flower Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.